# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം

**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (എം 2) 156/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 31/03/2025
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

സർ,

**വിഷയം : വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

സെക്രട്ടറി,തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തൃശ്ശൂർ
കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (എം 2) 156/2025 തീയ്യതി: 31/03/2025

# തൃശൂർ ജില്ലയിലെ വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2024 മുതൽ 19-01-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 72 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-01-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ

വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് ശ്രീധർ | ജോയിന്റ് ഡയറക്ടർ | 20-01-2025 | 31-01-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-01-2025 | 31-01-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ജയകൃഷ്ണൻ എസ്., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
പ്രസാദ് പി., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ഷറഫുദ്ദീൻ എസ്.എച്ച്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽകുമാർ. കെ.സി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ജിഷ കെ.ടി., സീനിയര ഗ്രേഡ ഓഡിറ്റര
കന്തസ്വാമി ഐ., സീനിയർ ഗ്രേഡ് ഓഡിറ്റർ
അസ് ലം എം.എ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.എൻ. സുരേന്ദ്രൻ | ചെയർമാൻ | 01-04-2023 | 31-03-2024 |
| കെ.കെ. മനോജ് | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുജിത് ഗോപിനാഥ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡിപിൻ എം.എൻ. | കൃഷി ഓഫീസർ, വടക്കാഞ്ചേരി കൃഷിഭവൻ | 01-04-2023 | 31-03-2024 |
| ശ്വേത വി.ഐ. | കൃഷി ഓഫീസർ, മുണ്ടത്തിക്കോട് കൃഷിഭവൻ | 01-04-2023 | 31-03-2024 |
| ഡോ.വി.എം.ഹാരിസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2023 | 09-01-2024 |

| | | | |
|---|---|---|---|
| ഡോ.ബിനോദ് | സീനിയർ വെറ്ററിനറി സർജൻ | 10-01-2024 | 31-03-2024 |
| ഡോ. പോൾ.എം.എഫ്. | മെഡിക്കൽ ഓഫീസർ, മുണ്ടത്തിക്കോട് | 01-04-2023 | 31-03-2024 |
| ഡോ.ഷെറിൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ.ജയമ്മ ജോസഫ് | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ശോഭന എം.കെ. | ഐ.സി.ഡി..എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കെ-സ്മാർട്ട് ആപ്ലിക്കേഷൻ- വാർഷിക കണക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ഇൻവെസ്റ്റ്മന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-1-2 |
| 4 | നഗരസഭയുടെ ആസ്തിയല്ലാത്ത ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി | 1-1-3 |
| 5 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-5 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | കുടിശ്ശിക ഡിമാന്റുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുകകൾ ആയതിന് ബാധകമായ ബാധ്യത ശീർഷകങ്ങളിൽ പ്രത്യേകം ബുക്ക് ചെയ്യുന്നില്ല | 1-1-9 |
| 11 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-10 |

| | | |
|---|---|---|
| 12 | ജേണൽ വൗച്ചറുകൾക്ക് വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 13 | ബാങ്ക് റീകൺസിലിയേഷൻ പത്രികകളിലെ അപാകങ്ങൾ | 1-1-12 |
| 14 | വസ്തു നികുതി-വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ഡി.സി.ബി. രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | ക്രമീകരിക്കാൻ അവശേഷിക്കുന്ന വസ്തു നികുതി മുൻകൂർ - വാർഷിക കണക്കിനെ സാധൂകരിക്കുന്ന രീതിയിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല | 1-1-14 |
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-15 |
| 17 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ ചെലവ് തുകയും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-1-17 |
| 19 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-1-18 |
| 20 | തൊഴിലുറപ്പ്പദ്ധതിയുടെ രേഖകൾ പ്രകാരമുള്ള വരവ് ചെലവ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-19 |
| 21 | വായ്പ രജിസ്റ്റർ കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-1-20 |
| 22 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-1-21 |
| 23 | ലെഡ്ജർ ബാലൻസും രജിസ്റ്ററുകളും പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-22 |
| 24 | ബജറ്റ് | 1-2 |
| 25 | ഫണ്ട് വിനിയോഗം | 1-3 |
| 26 | പദ്ധതി അവലോകനം | 1-4 |

| | | |
|---|---|---|
| 27 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-5 |
| 28 | ക്ഷേമ പദ്ധതികൾ | 1-6 |
| 29 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 30 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 31 | കെ-സ്മാർട്ട് ആപ്ലിക്കേഷൻ- വരവ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകളും ന്യൂനതകളും | 1-9 |
| 32 | വാർഷിക കണക്കിൽ ഉൾപ്പെടുത്താത്ത ബാങ്ക് അക്കൗണ്ടുകൾ മുഖേന ഇടപാടുകൾ നടത്തി-വരവ് ചെലവ് നീക്കിയിരിപ്പ് കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-10 |
| 33 | വസ്തു നികുതി പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവയിലെ കാര്യക്ഷമതയില്ലായ്മ - നഗരസഭയ്ക്ക് 2023-24 വർഷത്തിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിച്ചില്ല | 1-11 |
| 34 | പണമായി ലഭിച്ച വരവ് അടവാക്കിയതിലെ അപാകത | 1-12 |
| 35 | ആംബുലൻസ് വാഹന വാടക കളക്ഷൻ തുക യഥാസമയം അടവാക്കുന്നില്ല | 1-13 |
| 36 | പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല | 1-14 |
| 37 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്തിട്ടില്ല | 1-15 |
| 38 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 39 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 40 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-18 |
| 41 | വിനോദനികുതി ഈടാക്കിയതിലെ അപാകതകൾ | 1-19 |

| | | |
|---|---|---|
| 42 | വിനോദ നികുതിയുടെ കൂടെ അടവാക്കേണ്ട സെസ്സ് ഈടാക്കേണ്ടതാണ് | 1-20 |
| 43 | ഭീമമായ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-21 |
| 44 | ടർഫുകളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ് | 1-22 |
| 45 | മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-23 |
| 46 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-24 |
| 47 | വസ്തു നികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-25 |
| 48 | നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-26 |
| 49 | മണ്ണ് ലേലം വിവരം ലഭ്യമാക്കിയിട്ടില്ല | 1-27 |
| 50 | ഇ-ടെൻഡർ ഫീ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-28 |
| 51 | ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകയിലും അധികമായി ബാധ്യത – തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-29 |
| 52 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക് ഗ്രാന്റ്) പ്രൊജക്ടുകൾക്കായി ടൈഡ് ഗ്രാന്റ് ചെലവഴിച്ചു | 1-30 |
| 53 | നഗരസഭാ സെക്രട്ടറിയുടെ ക്വാർട്ടേഴ്സിനായി കെട്ടിടം വാടകയ്ക്കു ലഭ്യമാക്കി - സെക്രട്ടറിയ്ക്ക് അനുവദനീയമായ വീട്ടുവാടക ബത്തയും നിശ്ചിതനിരക്കിലുള്ള വാടകയും നഗരസഭയിൽ ഒടുക്കിയില്ല | 1-31 |
| 54 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചില്ല | 1-32 |
| 55 | എഞ്ചിനിയറിങ് വിഭാഗത്തിന്റെ ആവശ്യത്തിനായി വാഹനം വാടകയ്ക്കു നൽകിയ വകയിൽ അനുവദിച്ച തുക തടസ്സപ്പെടുത്തുന്നു | 1-33 |
| 56 | ഡോക്ടറുടെ വിരമിക്കൽ ചടങ്ങിന് ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു | 1-34 |

| | | |
|---|---|---|
| 57 | ഓണാഘോഷത്തിന്റെ ചെലവ് 501030 രൂപ തടസ്സപ്പെടുത്തുന്നു | 1-35 |
| 58 | വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് ഉദ്ഘാടനത്തിന്റെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-36 |
| 59 | മുകുന്ദരാജ സാംസ്കാരികോത്സവം-ചെലവ് ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല, 300000 രൂപ തടസ്സപ്പെടുത്തുന്നു | 1-37 |
| 60 | തെരുവു വിളക്കുകളുടെ പരിപാലനം-രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-38 |
| 61 | വെള്ളക്കരം-സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം | 1-39 |
| 62 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ ലഭ്യമാക്കിയിട്ടില്ല - 2194944 രൂപ തടസ്സപ്പെടുത്തുന്നു | 1-40 |
| 63 | തുല്യത പരീക്ഷയ്ക്ക് ധനസഹായം-രേഖകളുടെ അഭാവത്തിൽ 27570 രൂപ തടസ്സപ്പെടുത്തുന്നു | 1-41 |
| 64 | അമ്മാട്ടികുന്ന് കുടിവെള്ള പദ്ധതിയ്ക്ക് നിലവിൽ ചോർച്ചയുള്ള ടാങ്ക് മാറ്റി പുതിയ ടാങ്ക് വയ്ക്കൽ-ക്വട്ടേഷൻ നടപടി സ്വീകരിച്ചില്ല | 1-42 |
| 65 | ടെണ്ടർ/ക്വട്ടേഷൻ നടപടി സ്വീകരിക്കാതെ ARTCO വിൽ നിന്നും സാധനങ്ങൾ വാങ്ങി | 1-43 |
| 66 | വജ്രജൂബിലി-കലാകാരൻമാർക്ക് ഫെലോഷിപ്പ്-രേഖകളുടെ അഭാവത്തിൽ 412500 രൂപ തടസ്സപ്പെടുത്തുന്നു | 1-44 |
| 67 | സ്വച്ഛ് ഭാരത് മിഷൻ അർബൻ റിംഗ് കംബോസ്റ്റ് - രേഖകളുടെ അഭാവത്തിൽ ചെലവു തുക 2630000 രൂപ തടസ്സപ്പെടുത്തുന്നു | 1-45 |
| 68 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി-പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല | 1-46 |
| 69 | PMAY-നിരീക്ഷണങ്ങൾ | 1-47 |
| 70 | ശുചിത്വ പൂർണ്ണ-ഹരിത കർമ്മസേനയ്ക്ക് ജീവൻ രക്ഷാ ഉപകരണങ്ങൾ വാങ്ങൽ-ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല | 1-48 |

| | | |
|---|---|---|
| 71 | കേരളോത്സവം-അധികമായി നല്കിയ 87488 രൂപ തടസ്സപ്പെടുത്തുന്നു | 1-49 |
| 72 | ക്യാൻ തൃശ്ശൂർ-ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-50 |
| 73 | ഐ.കെ.എം വിഹിതം നല്കൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-51 |
| 74 | സ്വാപ്പ് ഷോപ്പ്-കൈമാറ്റ കട പ്രവർത്തനം അഭിനന്ദനാർഹം | 1-52 |
| 75 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി - കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകൾ/ഉപകരണങ്ങൾ മുഴുവനും ലഭ്യമായിട്ടില്ല | 1-53 |
| 76 | നടപടിക്രമങ്ങൾ പാലിക്കാതെ മെഡിക്കൽ ടെസ്റ്റ് കിറ്റുകൾ വാങ്ങി | 1-54 |
| 77 | പാലിയേറ്റീവ് കെയർ- പദ്ധതി നടപ്പിലാക്കുന്നതിൽ മാർഗ്ഗരേഖ കൃത്യമായി പാലിക്കുന്നില്ല | 1-55 |
| 78 | ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയില്ല | 1-56 |
| 79 | NULM – അയൽക്കൂട്ടങ്ങളിൽ നിന്ന് തിരിച്ചു പിടിച്ച റിവോൾവിംഗ് ഫണ്ട് സംസ്ഥാന കുടുംബശ്രീ മിഷനിൽ ഒടുക്കു വരുത്തിയിട്ടില്ല | 1-57 |
| 80 | അർബൻ ഹെൽത്ത് വെൽനെസ് സെന്റർ-പദ്ധതിയുടെ നിർവ്വഹണത്തെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല | 1-58 |
| 81 | KSWMP പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-59 |
| 82 | മരാമത്ത് ഗുണനിലവാരം ഉറപ്പു വരുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-60 |
| 83 | ആറ്റാംപാറ റോഡ്- കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. 286254 രൂപ തടസ്സപ്പെടുത്തുന്നു | 1-61 |
| 84 | ഭരണസമിതി യോഗമിനിറ്റ്സ് - സകർമ്മ സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടില്ല | 1-62 |
| 85 | വാർഡ് സഭ - നിയമാനുസൃതമായി പ്രവർത്തിക്കുന്നില്ല | 1-63 |

| | | |
|---|---|---|
| 86 | വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല | 1-64 |
| 87 | കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-65 |
| 88 | സദ്ഭരണ പദ്ധതി - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-66 |
| 89 | മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം | 1-67 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ്ജ് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 കെ-സ്മാർട്ട് ആപ്ലിക്കേഷൻ- വാർഷിക കണക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയാണ് കെ-സ്മാർട്ട്. കെ-സ്മാർട്ട് അഥവാ കേ സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേ നിലവിൽ വരുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ വിരൽത്തുമ്പ ലഭ്യമാകുക എന്നതാണ് ലക്ഷ്യം. കേരളത്തിലെ എല്ലാ മുൻസിപ്പൽ കോർപ്പറേഷനുകളി മുനിസിപ്പാലിറ്റികളിലുമാണ് ആദ്യ ഘട്ടത്തിൽ കെ-സ്മാർട്ട് വിന്യസിച്ചിട്ടുള്ളത്. ത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും അവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളെയും മോഡ്യൂളുകളായി തിരിച്ച് അവയെല്ലാം ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് ഓൺലൈന ലഭ്യമാക്കുകയാണ് കെ-സ്മാർട്ടിലൂടെ. ഇത്തരത്തിൽ സമ്പൂർണ ഓൺലൈൻ സംവിധാനങ്ങളിലേ മാറുന്ന സാഹചര്യത്തിൽ നഗരസഭയുടെ വരവ് ചെലവ് ഇനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക നിർബന്ധിത ഘടകമാണ്. 2023-24 സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസമ മാത്രമാണ് കെ-സ്മാർട്ട് ഓൺലൈൻ സംവിധാനം നിലവിൽ വന്നത്. ഈ കാലയളവിലെ കണ വിവരങ്ങൾ സാംഖ്യ സോഫ്റ്റ്‌വെയറിലേക്ക് പോർട്ട് ചെയ്താണ് 2023-24 വർഷത്തെ വാർഷ ധനകാര്യപത്രിക സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ളത്. ഇപ്രക തയ്യാറാക്കിയതിനാൽ ഓഡിറ്റിനു ലഭ്യമാക്കിയ 2023-24 വർഷത്തെ വാർഷിക കണക്കിൽ ചു ചേർത്തിരിക്കുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) കേരള മുനിസിപ്പിലാറ്റി നിയമത്തിലും ചട്ടങ്ങളിലും നിർവചിച്ചിട്ടുള്ള വിവിധ ഫോമുകളുടേ രജിസ്റ്ററുകളുടേയും മാതൃകയിൽ മാറ്റം വരുത്തി കെ-സ്മാർട്ട് ആപ്ലിക്കേഷന ഉൾപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

2) കെ-സ്മാർട്ടിൽ നിന്നും 01/01/2024മുതൽ 31/03/2024വരെയുള്ള ഡാറ്റാ സാംഖ്യയിലേക്ക് പേ

ചെയ്താണ് 2023-24വർഷത്തെ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടുള്ളത്.എന്നാൽ പോർട്ട് ചെ ഇടപാടുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന യാതൊരു രേഖകളും/ടൂളുകളും പരിശോധനര ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ 01/01/2024 മുതൽ 31/03/2024 വരെ കെ-സ്മാർട്ടിലൂടെ നടത്തിയിട്ട മുഴുവൻ വരവ് ചെലവുകളും 2023-24 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

3) സാംഖ്യയിൽ ഹെഡുകൾ അനുവദിച്ചിരുന്ന പല ഇനങ്ങൾക്കും കെ-സ്മാർട്ടിൽ ഹെഡു അനുവദിക്കപ്പെട്ടിട്ടില്ല.കൂടാതെ പല ഇനങ്ങളുടെയും സാംഖ്യ പ്രകാരമുള്ള ഹെഡ് ഓഫ് അക്കൗ കെ-സ്മാർട്ടിലെ ഹെഡ് ഓഫ് അക്കൗണ്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ആയതിനാൽ 31.03.2024 അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ വാർഷിക കണക്കിൽ ആ ബാധ്യതകളുടെ നിലയെ സംബന്ധിച്ചിടത്തോളം, സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്ന് കെ-സ്മ ആപ്ലിക്കേഷനിലേക്ക് മാറുന്നതിനിടയിൽ നേരിട്ട ഏകീകരണ വെല്ലുവിളികളുടെ അനിശ്ചിത ഉണ്ട്.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയ പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനക പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23.07 തീയതിയിലെ 20-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 27.09.2024 തീയതിയിൽ എയിംസില സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 29 2007ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓ മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക മാർഗ്ഗനിർദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ട

ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമ ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്ര പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രിക വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡി ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങ തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുക മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ല ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2023-24 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രിക

31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി :**

**ജോയിന്റ് ഡയറ**

## 1-1-2 ഇൻവെസ്റ്റ്മന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 420500100- Investments-Equity Shares എന്ന ശീർഷകത്ത 5,00,000 രൂപയും 420800100- Fixed Deposits എന്ന ശീർഷകത്തിൽ 4,77,251 രൂപയും നിക്ഷേപങ്ങള കാണിച്ചിട്ടുണ്ടെങ്കിലും ആയവ സംബന്ധിച്ച സ്ഥിരനിക്ഷേപ റസീറ്റ്, ഷെയർ സർട്ടിഫി ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ മുതലായവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിന നിക്ഷേപത്തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

## 1-1-3 നഗരസഭയുടെ ആസ്തിയല്ലാത്ത ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് ബാലൻ ഷീറ്റിൽ ഉൾപ്പെടുത്തി

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം 450430100-TDCB Bus Stand-Shopping Complex Loan 8000175 എന്ന ബാങ്ക് അക്കൗണ്ടിലെ ബാലൻസ് 1,11,175 രൂപയാണ്. എന്നാൽ ഈ ബാങ്ക് അക്കൗണ്ട്, നഗര എടുത്ത വായ്പ തിരിച്ചടവാക്കുന്നതുമായി ബന്ധപ്പെട്ട വായ്പാ ബാങ്ക് അക്കൗണ്ട് ആണ്. ആയതിന ഈ അക്കൗണ്ടിന്റെ പാസ്ബുക്കിൽ നീക്കിയിരിപ്പായി കാണിക്കുന്നത് നഗരസഭ തിരിച്ചടയ്ക്ക ബാക്കി നിൽക്കുന്ന വായ്പാതുകയാണ്. വായ്പ തിരിച്ചടയ്ക്കുമ്പോൾ നീക്കിയിപ്പ് തുക കുറഞ്ഞ് വ രീതിയിലാണ് പാസ്ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നത്. ആയതിനാൽത്തന്നെ പ്ര വായ്പാ പാസ്ബുക്കിലെ നീക്കിയിരിപ്പ് നഗരസഭയുടെ ആസ്തിയായി പരിഗണിക്കാവുന്നതല്ല.

450430100-TDCB Bus Stand-Shopping Complex Loan 80001759562 ബാങ്ക് അക്കൗണ്ടിന്റെ 2022-23 വർഷ ബാങ്ക് ബുക്ക് പരിശോധിച്ചത് പ്രകാരം നഗരസഭയുടെ തനത് ഫണ്ടിൽ (തൃശ്ശൂർ സഹകരണബാങ്ക്) നിന്നും കോൺട്രാ എൻട്രി മുഖേന ഡെബിറ്റ് ചെയ്യപ്പെട്ട തുകയ തൻവർഷത്തിൽ നീക്കിയിരിപ്പായി കാണുന്നത്. ഈ ഇടപാട് റിവേഴ്സ് ചെയ്യേണ്ടതും മേൽ തുക 20 വർഷത്തിൽ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലി ലോൺ തിരിച്ചടയ്ക്കുന്നതിനാണെങ്കിൽ ബന്ധപ്പെട്ട വായ്പാ ബാധ്യത ശീർഷകത്തിൽ ഡെ ചെയ്യേണ്ടതുമാണ്.

## 1-1-4 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ഒ
അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 450410500 | Canara Bank- Distress Relief Fund-0723101066224 | 11904 |
| 2 | 450430400 | Puthuruthy Co-Operative Bank – Distress Relief Fund5807 | 11493 |
| 3 | 450630100 | Dist. Co.Op.Bank- Saksharatha 151712801000663 | 1041 |
| 4 | 450630200 | Puthuruthy Co-Operative Bank – Pykka 5977 | 1130 |
| 5 | 450610200 | SBI Pykka 31773595270 | 5634 |

മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ തുകകൾ 2024-25 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

## 1-1-5 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

മൂലധനച്ചെലവുകൾ അനുയോജ്യമായ ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിന് പ
റവന്യൂച്ചെലവായി ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിൽ മൂല
ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപെടുത്തുന്നത് In
And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തിക
എന്നിവയെ ബാധിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പറും പേരും | തുക | ഫണ്ടിനം | വൗച്ചർ നമ്പർ/ തീയതി | ചെലവ് ബുക്ക് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | ചെയ്ത ശീർഷകം |
| 1 | 823/24- വായനശാലകൾക്ക് കമ്പ്യൂട്ടറും പ്രിന്ററും | 1,19,634 | തനത് ഫണ്ട് | 22301978 /30-03-2024 | 251600501 \| General Economic Services-Plan Formulation-Monitoring & Evaluation-General |
| 2 | 514/24- മംഗലം പാറപ്പുറം റോഡ് കൈവഴി കോൺക്രീറ്റിംഗ് ഡി-3 | 1,09,403 | വികസന ഫണ്ട്-ജനറൽ | 22300995/27-06-2023 | 252200101-Roads-General |
| 3 | 542/24- നെല്ലിക്കുന്ന് കൈവഴി രാമകൃഷ്ണൻ റോഡ് കോൺക്രീറ്റിംഗ് സൈഡ് വാൾ ഡി-7 | 3,93,767 | വികസന ഫണ്ട്-എസ്.സി.പി. | 22300954/12-06-2023 | 252200102-Roads-SCP |
| 4 | 448/24-പാർളിക്കാട് കോട്ടംകുന്ന് കോളനി കനാൽ റോഡ് ടാറിംഗ് ഡി-29 | 1,71,778 | വികസന ഫണ്ട്-എസ്.സി.പി. | 22300969/15-06-2023 | 252200102-Roads-SCP |
| 5 | 535/24- ഗുരുമന്ദിരം വിജയൻ റോഡ് | 2,36,307 | വികസന ഫണ്ട്- | 22300976/17-06-2023 | 252200101-Roads- |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ് | | ജനറൽ | | General |
| 6 | 545/24- പുളിക്കൽ സുരേന്ദ്രൻ റോഡ് കോൺക്രീറ്റിംഗ് | 3,98,444 | വികസന ഫണ്ട്- ജനറൽ | 22300953/12-06-2023 | 252200101-Roads-General |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് 2024-25 സാമ്പത്തിക വർഷത്തിൽ "Prior Period Expend എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റും ഉചിതമായ ആസ്തി ശീർഷകത്ത ഡെബിറ്റും ചെയ്യേണ്ടതാണ്. കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ത ഫണ്ട് ഒഴികെയുള്ള ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക "Prior Period Income" എന്ന ഷെഡ്യൂള് ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution" ശീർഷകത്ത ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

## 1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4- പ്രകാരം പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച തുകക ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബ അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ ധനകാര്യകമ്മീഷൻ ഗ്രാന്റി ബി4- ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിന്റെ ഷെഡ്യൂൾ ബ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ശീർഷകം | ഷെഡ്യൂൾ ബി-4 പ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്ക് അക്കൗണ്ട് | ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 320200104-Development Fund-Central Finance | 4,60,181 | 450620300- South Indian Bank Pfms -(0095053000045470) | 3,21,636 |

| | | | |
|---|---|---|---|
| Commission Grant-Capital | | | |

## 1-1-7 കുടിശ്ശിക ഡിമാന്റുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി തൊഴിൽ നികുതി (ട്രേ പരസ്യനികുതി, ലൈസൻസ് ഫീസ്, വാടക, സ്ഥലം പാട്ടത്തിന് നൽകിയ വാടക എന്നീയിനങ്ങ കുടിശ്ശിക ലഭിക്കാനുള്ള തുക താഴെ ചേർക്കുന്നു.

| ഹെഡ് കോഡ് | വിവരണം | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി- 5 പ്രകാരമുള്ള ബാലൻസ് |
|---|---|---|
| 431100200 | Receivables For Property Tax(Arrears) | 12370275 |
| 431190102 | Receivables For Profession Tax/Institutions/Professionals/Traders (Arrears) | 1750790 |
| 431190202 | Receivables For Advertisement Tax (Arrears) | 19650 |
| 431300202 | Receivables For Licence Fees (Arrears) | 46970 |
| 431400102 | Rent Receivables From Civic Amenities (Arrears) | 4523938 |
| 431400102 | Rent Receivables From Lease On Lands | 1284 |

മേൽ തുകകളിൽ ലഭ്യത സംശയാസ്പദമായ തുകയ്ക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-8 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേ മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 58-(2) (എഫ്).

## 1-1-9 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുകകൾ ആയതിന് ബാധകമായ ബാധ്യത ശീർഷകങ്ങളിൽ പ്രത്യേകം ബുക്ക് ചെയ്യുന്നില്ല

പി.എം.എ.വൈ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി, ദേശീയ നഗര ഉപജീവന ദൗത്യം (NU മുതലായ പദ്ധതികൾക്കായി നഗരസഭയ്ക്ക് ലഭിക്കുന്ന ഗ്രാന്റുകൾ, അപ്രകാരമുള്ള ഗ്രാന്റു നിക്ഷേപിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നുണ്ട്. എന്ന ഇവയെല്ലാം ക്രെഡിറ്റ് ചെയ്യപ്പെടുന്നത് 320100100 -Grants, Contribution For Specific Purpose – Central Goverr എന്ന ബാധ്യത ശീർഷകത്തിലാണ്. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 രേഖപ്പെടുത്തിയിട്ടുള്ള മേൽ പദ്ധതികളുടെ ബാങ്ക് അക്കൗണ്ടുകളുടെ 31–03-2024 ലെ നീക്കിയി തുകയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം മേൽ പദ്ധതികൾ ഓരോന്നിലും ചെലവഴിക്ക അവശേഷിക്കുന്ന തുകയും തുല്യമാണെന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ 320100 Grants, Contribution For Specific Purpose – Central Government എന്ന ബാധ്യത ശീർഷകത്ത രേഖപ്പെടുത്തപ്പെട്ടതും പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഉള്ളതുമായ പദ്ധതികൾക്കായി ല ഗ്രാന്റുകൾ അതത് പദ്ധതികൾക്ക് ബാധകമായ ബാധ്യത ശീർഷകങ്ങളിലേക്ക് ക്രമീകരിക്കേണ്ട വർഷാന്ത്യത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും ബാങ്ക് അക്കൗണ അവശേഷിക്കുന്ന തുകയും തുല്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബേസിക് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫ എന്നീയിനങ്ങളിൽ ലഭിക്കുന്ന തുകകൾ 450620300-South Indian Bank Pfms-0095053000045470 എന്ന ബ അക്കൗണ്ടിലായതിനാൽ ഗ്രാന്റിൽ നിന്നുള്ള ചെലവുകളുടെ നിരീക്ഷണത്തിനായി ബേസ ഗ്രാന്റും ടൈഡ് ഫണ്ടും പ്രത്യേകം ബാധ്യത ശീർഷകങ്ങളിൽ ബുക്ക് ചെയ്യേണ്ടതാണ്.

## 1-1-10 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് സമയബന്ധിതമാ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

2023-24 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാ ഡിപ്പാർട്ട്മെന്റ് ഹെഡ് തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെ ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേ ചേർക്കേണ്ടിയിരുന്നതുമാണ് {കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)}. പ്രതിമാ സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കു ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേ ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനു എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത് (മുനിസിപ്പൽ അക്കൗണ്ട്സ് മാനവൽ ഖണ്ഡിക 10.21 മുതൽ 10.23 വരെ). എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമ പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രി മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ നമ്പർ/തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110010100-Property Tax (General) | 42300377/1.4.2023 | 3,42,35,549 |
| 110100100-Profession Tax-Institutions/Professionals/Traders | 42300406/1.4.2023 | 24,81,920 |
| 130109900 – Rent From Civic Amenities | 42300429/1.4.2023 | 5,80,000 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് ത അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖക സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-11 ജേണൽ വൗച്ചറുകൾക്ക് വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്ക രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007. ചട്ടം 7) ജേ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറു വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്ര ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾ ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടു സൂക്ഷിക്കേണ്ടതാണ്.

## 1-1-12 ബാങ്ക് റീകൺസിലിയേഷൻ പത്രികകളിലെ അപാകങ്ങൾ

എ) പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല.

റസീറ്റ് & പേയ്മെന്റ് ഷെഡ്യൂൾ ആർ.പി.-40(ബി) യിൽ ഉൾപ്പെട്ടിട്ടുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകള പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ ലഭ്യമാക്കിയിട്ടില്ല. ബാങ്ക് അക്കൗണ്ടുകളുടെ മാർച്ച് മാസത്തെ ബാങ്ക് റീകൺസിലിയേഷൻ പത്രിക മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

ബി) താഴെ ചേർക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ 31-03-2024 വരെയുള്ള ബാങ്ക് പാസ്സ്ബു സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ റീകൺസിലിയേഷൻ പത്രിക ഉൾപ്പെടുത്തിയിട്ടുള്ള പാസ്സ്ബുക്ക് ബാലൻസ് തുക കൃത്യമാണെന്ന് ഉറപ്പ് വരുത്തുന്നതി റീകൺസിലിയേഷൻ കൃത്യമാണെന്നോ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | റസീറ്റ് & പേയ്മെന്റ് ഷെഡ്യൂൾ 40 (ബി) പ്രകാരം ഹെഡ് കോഡ് | റീകൺസിലിയേഷൻ പത്രിക പ്രകാരം 31-03-2024ലെ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് | റീകൺസിലിയേഷൻ പത്രിക പ്രകാരം 31-03-2024ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 450210300-SBT-Minalur (5406087) | 0 | 2,44,670 |
| 2 | 450230200 -TDCB Loan 80001759084 | 888 | 888 |
| 3. | 450610300 -Canara Bank MGNREGS-723101058699 | 0 | 3,851 |
| 4. | 450610400- Canara Bank MGNREGS 2 – 0723101064523 | 0 | 1,22,778 |
| 5. | 450610500 -SBT-NREGS1 | 0 | 17,774 |
| 6 | 450650100-Treasury MF A/C II Development Fund General | 0 | 34,61,168 |
| 7 | 450650200 -Treasury MF A/C III Maintenance Fund | 0 | 22,16,106 |

സി) ബാങ്ക് റീകൺസീലിയേഷൻ പത്രിക-ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പാസ് ബ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുത്തിയതിൽ വ്യത്യാസം.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്ര തയ്യാറാക്കിയതിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പാസ് ബുക്ക് പ്രകാരമ നീക്കിയിരിപ്പും പൊരുത്തപ്പെടുത്തിയതിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ത ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | അക്കൌണ്ട് നമ്പർ | ബാങ്ക് ബുക്ക് പ്രകാരമുള്ള | കൂട്ടുക | കുറക്കുക | ബാങ്ക് റീകൺസീലിയേഷൻ | ബാങ്ക് പാസ്ബുക്ക് |
|---|---|---|---|---|---|---|---|

| | | | നീക്കിയിരിപ്പ് | (Cheque Issued But Not Presented, Directly Credited By Bank) | (Cheque Deposited But Not Colletced, Directly Debited By Bank) | പ്രകാരം കണക്കാക്കിയ പാസ്ബുക്ക് നീക്കിയിരിപ്പ് | പ്രകാരമുള്ള യഥാർത്ഥ നീക്കിയിരി |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | 450210400-SBT Wadakkanchery | 67382438724 | 11,99,373 | 2.11 | 312.48 | 1199062.63 | 1122896.63 |
| 2 | 450210500-SBI Property Tax Epayment | 38877417049 | 24,91,196 | 2.26 | 13,45,430.02 | 1145768.24 | 1143089.94 |

ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയോട് 'Cheque Issued But Not Presented', 'Directly Credite Bank' എന്നീ തുകകൾ കൂട്ടുകയും 'Cheque Deposited But Not Collected', 'Directly Debited By Bank' എന്നീ തുക കുറയ്ക്കുകയും ചെയ്യുമ്പോൾ (കോളം 7) ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള നീക്കിയി തുകയിലേക്ക് (കോളം 8) പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ മേൽ സൂചിപ്പിച്ച അക്കൗണ്ടുകള ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടും ഇപ്രകാരം യഥാർത്ഥ പാസ്ബ നീക്കിയിരിപ്പിലേക്ക് പൊരുത്തപ്പെട്ടിട്ടില്ല (കോളം 7, 8 കാണുക) ആയതിനാൽ ടി അക്കൗണ്ടുകള ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ ഇപ്രകാരമുള്ള പൊരുത്തപ്പെടൽ നടക്കുകയോ ബ റികൺസിലിയേഷൻ കൊണ്ടുള്ള ഉദ്ദേശ്യം നിറവേറ്റപ്പെടുകയോ ചെയ്തിട്ടില്ല. മേൽ അക്കൗണ്ടുകള റികൺസിലിയേഷൻ പത്രികകളുടെ ആധികാരികത വ്യക്തമല്ലാത്തതിനാൽ ആയത് ഓഡിറ്റ സാക്ഷ്യപ്പെടുത്തുന്നില്ല.

ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ ഇത്തരത്തിൽ വ്യത്യാസം വന്നതിന്റെ കാര അറിയിക്കേണ്ടതാണ്.

## 1-1-13 വസ്തു നികുതി-വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ഡി.സി.ബി. രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നി ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്ന ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസ കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജി പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. 01-01-2024 മു നഗരസഭയിൽ കെ-സ്മാർട്ട് പ്രവർത്തനം ആരംഭിക്കുകയും "സാംഖ്യ", "സഞ്ചയ" എ സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനം അവസാനിക്കുകയും ചെയ്തു. 01-01-2024 മുതൽ 31-03- വരെയുള്ള കണക്ക് വിവരങ്ങൾ കെ-സ്മാർട്ടിൽ നിന്നും സാംഖ്യയിലേക്ക് പോർട്ട് ചെയ്താണ് 20 വർഷത്തെ വാർഷിക ധനകാര്യ പത്രിക സാംഖ്യയിൽ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ 01-01- മുതൽ 31-03-2024 വരെയുള്ള കാലയളവിലെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാല വിവരങ്ങൾ സഞ്ചയയിൽ ലഭ്യമാകുന്നതല്ല. എന്നാൽ ഓഡിറ്റിന് ഇ-മെയിൽ മുഖേന ലഭ്യമാക സഞ്ചയ ഡി.സി.ബി.യിൽ "2023-24 വർഷത്തെ ഡി.സി.ബി." എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 0 2023 മുതൽ 31-12-2023 വരെ കാലയളവിലെ സഞ്ചയ ഡി.സി.ബി. യും 01-01-2024 മുതൽ 31-03- വരെയുള്ള കാലയളവിലെ കെ-സ്മാർട്ട് മുഖേനയുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാല വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. നഗരസഭ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ 2023-24 വർഷ വസ്തുനികുതി ഡി.സി.ബി. പത്രികയും സഞ്ചയ യിൽ നിന്നും ലഭ്യമാക്കിയ 2023-24 ഡി.സി.ബി. പൊരുത്തപ്പെടുന്നുണ്ടെങ്കിലും കെ-സ്മാർട്ട് മുഖേന പിരിച്ചെടുത്ത തുകകൾ ഡി.സി.ബി. പത്രിക ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. മാത്രമല്ല, വസ്തുനികുതിയുടെ കാര്യത്ത പ്രസ്തുത ഡി.സി.ബി. പത്രികയും വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാല തുകകളും തമ്മിൽ വലിയ തോതിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|

| | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ |
|---|---|---|---|---|---|---|---|---|---|
| നഗരസഭ ലഭ്യമാക്കിയ ഡി.സി.ബി. പത്രിക പ്രകാരം | 27882451 | 24657213 | 52539664 | 5473365 | 2807650 | 8281015 | 22409086 | 21849563 | 44258649 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 34235549 | 19109262 | 53344811 | 22140422 | 7340956 | 29481378 | 12125701 | 11781214 | 23906915 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (2022-23 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) *(9775607 + 10289118 = 2,00,64,725/ 105x100) | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-37) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-37) | | *(12731986 /105x100)= (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | (12370275/ 105x100) (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | |

വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാല തുകകളെ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ മേൽ തുകകളുടെ കൃ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-1-14 ക്രമീകരിക്കാൻ അവശേഷിക്കുന്ന വസ്തു നികുതി മുൻകൂർ - വാർഷിക കണക്കിനെ സാധൂകരിക്കുന്ന രീതിയിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്ത മുൻകൂർ ആയി ലഭിച്ച തുകയിൽ 31/3/2024ൽ 18,285 രൂപ ക്രമീകരിക്ക അവശേഷിക്കുന്നുണ്ടെങ്കിലും നഗരസഭ ലഭ്യമാക്കിയ ഡി.സി.ബി. പത്രിക പ്രകാരം ക്രമീകരിക്ക അവശേഷിക്കുന്നത് 11,43,654 രൂപയാണ്. പ്രസ്തുത ഡി.സി.ബി.യിൽ 01-01-2024 മുതൽ 31-03- വരെയുള്ള കാലയളവിലെ കെ-സ്മാർട്ട് മുഖേനയുള്ള വസ്തുനികുതി നിർണ്ണയം, പിരിവ് വിവര

ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ വാർഷ കണക്കിൽ 31-03-2024 ന് ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുള്ള വസ്തുനിക മുൻകൂർ തുകയുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-1-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികള അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജി തയ്യാറാക്കുന്നത്.

## 1-1-16 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ ചെല തുകയും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് / ഗ്ര സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ത ചേർക്കുന്നു.

| ക്രമ നമ്പർ | ഫണ്ടിനം | വാർഷിക ധനകാര്യ പത്രികയിലെ വിവിധ ശീർഷങ്ങൾ പ്രകാരം | | സുലേഖ ചെലവ് പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|---|---|
| | | ശീർഷകം | തുക | | |
| 1 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (320200104 Development Fund – Central | 160109900-Other Revenue Grants | 95,87,986 (Basic Grant) | | |
| | | | 89,76,299 (Tied Fund) | | |

| | | | | | |
|---|---|---|---|---|---|
| | Finance Commission Grant) | 312100200-Capital Contribution Others | 18,09,333 (Basic Grant) | | |
| | | | 19,41,963 (Tied Fund) | | |
| | | ആകെ | 2,23,15,581 | 1,96,49,591 | 26,65,990 |
| 2 | ഹെൽത്ത് ഗ്രാന്റ് (320200206-Fund For Transferred Institutions-Health-Capital) | 160109900-Other Revenue Grants | 33,35,576 | (പ്രൊജക്ട് നമ്പർ-714,782, 787, 786, 780, 781, 792, 790, 778, 789, 788, 785, 784 എന്നിവ പ്രകാരം ചെലവഴിച്ച തുക) | 3,47,623 |
| | | 312100200-Capital Contribution Others | 10,85,796 | | |
| | | ആകെ | 44,21,372 | 47,68,995 | |

320200104 Development Fund – Central Finance Commission Grant എന്നീ ശീർഷകം പ്രകാരം സി.എഫ്.സി ഫ ഉപയോഗിച്ചുള്ള പ്രൊജക്ടുകളുടെ റവന്യു ചെലവിന് തത്തുല്യമായ വരവായി 160109900-Other Rev Grants എന്ന ശീർഷകത്തിലേക്കും, സി.എഫ്.സി. ഫണ്ട് ഉപയോഗിച്ച് ആസ്തി നിർമ്മിച്ച തുക തത്തുല്യമായ തുക 312100200- Capital Contribution Others എന്ന ബാധ്യതശീർഷകത്തിലേക്കുമ ക്രമീകരിച്ചിട്ടുള്ളത്. റവന്യു ചെലവുകൾക്ക് തത്തുല്യമായ തുക ഇൻകം & എക്സ്പെൻഡ പത്രികയിലെ (ഷെഡ്യൂൾ I-6 ലെ) സി.എഫ്.സി ഗ്രാന്റുമായി ബന്ധപ്പെട്ട ശീർഷകത്തിൽ ബ ചെയ്യുന്നതിന് പകരം 160109900-Other Revenue Grantsഎന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിരിക്കുന അടുത്ത സാമ്പത്തിക വർഷം മുതൽ സി.എഫ്.സി ഗ്രാന്റുമായി ബന്ധപ്പെട്ട ശീർഷകത്തിൽ ബ ചെയ്യേണ്ടതാണ്.

## 1-1-17 അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതീയിൽ ഏതെ അഡ്വാൻസുകളാണ് തിരികെ ലഭിക്കാനുള്ളത്/ക്രമീകരിക്കാനുള്ളത് എന്ന് വ്യക്തമാക്ക രീതിയിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-1-18 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

നഗരസഭയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ ബി-7 ൽ ഉൾപ്പെട്ടിട്ടുള്ള ബാധ്യത ശീർഷകങ്ങളിലെ വരവ്-ചെലവ്-നീക്കിയിരിപ്പ് തുകകള കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

## 1-1-19 തൊഴിലുറപ്പ്പദ്ധതിയുടെ രേഖകൾ പ്രകാരമുള്ള വരവ് ചെലവ് തുകകാ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

അപാകങ്ങൾ

1. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ (AUEGS) കാഷ്ബുക്ക് പ്രകാരം പദ്ധതിയുടെ അ ചെലവ് 1,91,77,274 രൂപയാണ്.

വാർഷിക ധനകാര്യ പത്രിക ഇൻകം & എക്സ്പൻഡീച്ചർ പത്രിക ഷെഡ്യൂൾ ഐ-14 ൽ ഉൾ 250401402- Implement Self Employment And Group Employment Schemes For The Poor, Especially For Women a ശീർഷകത്തിലാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ ബ ചെയ്യപ്പെടുന്നത്. മേൽ ശീർഷക പ്രകാരം തൻവർഷത്തെ ചെലവ് 2,11,12,437 രൂപയാണ്. ഇപ്രക തൊഴിലുറപ്പ് പദ്ധതി കാഷ്ബുക്കിലെയും വാർഷിക കണക്കിലെയും ചെലവ് തുകയിൽ 19,3 രൂപയുടെ വ്യത്യാസം ഉണ്ട് (2,11,12,437-1,91,77,274). AUEGS അലോട്ട്മെന്റായി 19,35,163 രൂപ 4504101( AYYANKALI 67396238128 എന്ന ബാങ്ക് അക്കൗണ്ടിൽ വരവായും (വൗ.നം.123120900174/31-12-2023) അ തുക 250401402 എന്ന ശീർഷകത്തിൽ ചെലവായും (വൗ.നം.22301745/31-12-2023) രേഖപ്പെടുത്തിയിട്ടു എന്നാൽ ടി ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഇത്തരത്തിൽ വരവോ ചെലവോ ഉ

2. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരം തൻവർഷം നഗരസഭയിൽ നിന്ന തൊഴിലുറപ്പ് പദ്ധതിക്കായി SBI AYYANKALI 67396238128 എന്ന അക്കൗണ്ടിലേക്ക് 19,15,516

കൈമാറിയിട്ടുണ്ട്. ഈ തുകയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത് 250401402- Implement Self Employ And Group Employment Schemes For The Poor, Especially For Women എന്ന ശീർഷകത്തിലാണ് (വൗ.നം.2230149 01-2024). ഇത് കൂടാതെ AUEGS ജീവനക്കാരുടെ വേതനമിനത്തിൽ തനത് ഫണ്ടിൽ നിന്നും നേരിട്ട് ( ചെലവഴിക്കുകയും ടി ചെലവുകൾ 210100200-Wages എന്ന ശീർഷകത്തിൽ രേഖപ്പെടുത്തുക ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ചെലവഴിക്കപ്പെടുന്ന തുകകൾ AUEGS കാഷ് ബുക്ക രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഇത്തരത്തിൽ AUEGS പദ്ധതിക്കായി തനത് ഫണ്ടിൽ നി നേരിട്ട് എത്ര തുക ചെലവഴിക്കപ്പെട്ടു എന്ന വിവരം ലഭ്യമല്ല. ഏതാനും ഉദാഹരണങ്ങൾ ത ചേർക്കുന്നു.

| വൗച്ചർ നമ്പർ/ തീയതി | തുക | തനത് ഫണ്ട് അക്കൗണ്ട് | ചെലവ് രേഖപ്പെടുത്തിയ ശീർഷകം |
|---|---|---|---|
| 2230028/03-10-2023 | 31,460 | HDFC Own Fund Account | 210100200-Wages |
| 2230030/03-10-2023 | 24,040 | ,, | ,, |
| 22300119/13-10-2023 | 31,460 | ,, | ,, |
| 22300120/13-10-2023 | 24,040 | ,, | ,, |
| 22300121/13-10-2023 | 15,219 | ,, | ,, |
| 22301354/04-01-2024 | 73,122 | ,, | ,, |
| 22302112/01-03-2024 | 71,474 | ,, | ,, |

3. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26-11-2023 ലെ LSGD/PD/26308/2023-DPLD3 ന സർക്കുലർ പ്രകാരം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന

നഗരസഭകൾക്ക് തനത് ഫണ്ടിൽ നിന്നും, തൊഴിലാളികൾക്ക് വേതനം നൽകുന്നതിനും ചെലവുകൾക്കുമായി, തുക ചെലവഴിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ (അർബൻ) വകുറ്റ നിന്നും അലോട്ട്മെന്റ് ലഭിക്കുമ്പോൾ ടി തുക തിരികെ തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യേണ്ടത എന്നാൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി നഗരസഭ തനത് ഫണ്ടിൽ നി ചെലവഴിക്കപ്പെടുന്ന തുക അനുയോജ്യമായ മുൻകൂർ ശീർഷകത്തിൽ ബുക്ക് ചെയ്യാതെ 25040 Implement Self Employment And Group Employment Schemes For The Poor, Especially For Women, 210100200- V എന്നിങ്ങനെയുള്ള ചെലവ് ശീർഷകങ്ങളിലാണ് രേഖപ്പെടുത്തുന്നത്. തത്ഫലമായി മുൻ നൽകിയതിന്റെയും മുൻകൂർ ക്രമീകരിച്ചതിന്റെയും തിരികെ ലഭിക്കാനുള്ളതിന്റെയും തുക സംബന്ധിച്ച വിവരം വാർഷിക കണക്കിൽ നിന്നും ലഭ്യമല്ല. മുൻകൂർ രജി സൂക്ഷിക്കാത്തതിനാൽ ടി വിവരം രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

ഇപ്രകാരം തൻവർഷം തനത് ഫണ്ടിൽ നിന്നും AUEGS പദ്ധതിക്കായി വിനിയോഗിക്കുകയും ചെ ശീർഷകത്തിൽ രേഖപ്പെടുത്തുകയും ചെയ്ത തുകകൾ 2024-25 വർഷത്തിൽ Prior Period In ശീർഷകത്തിൽ ക്രെഡിറ്റും അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ഡെബി രേഖപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

4. തൊഴിലുറപ്പ് പദ്ധതി ചെലവ് രേഖപ്പെടുത്തുന്ന 250401402- Implement Self Employment And Group Employ Schemes For The Poor, Especially For Women എന്ന ശീർഷകത്തിലെ ചെലവ് 2,11,12,437 രൂപയാണ്. എന്ന ഇൻകം & എക്സ്പൻഡിച്ചർ ഷെഡ്യൂൾ I-6 പ്രകാരം ഈയിനത്തിലെ ചെലവിനനുസൃതമായ വ രേഖപ്പെടുത്തുന്ന 160101100- Special Grants എന്ന ശീർഷകത്തിൽ 1,72,24,778 രൂപയും 160109900- Other Rev Grants എന്ന ശീർഷകത്തിൽ 19,77,292 രൂപയുമടക്കം 19,2,02,070 രൂപ മാത്രമാണ് ചെലവിനനുസൃത വരവായി രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-20 വായ്പ രജിസ്റ്റർ കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 ”Secured Loans" പ്രകാരം 330500201- Loan From KURDFC എന്ന ശീർഷകത്ത 11,82,66,364 രൂപയും 330500299-Loan From Other Institution എന്ന ശീർഷകത്തിൽ 14,64,975 രൂപ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-6 ”Unsecured Loans" പ്രകാരം 331500100- Loans From Banks & Other Fina Institutions എന്ന ശീർഷകത്തിൽ 2,10,60,446 രൂപയും തിരിച്ചടവാക്കാൻ അവശേഷിക്കുന്നുണ്ട്. എന്ന

ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കത്തക്ക രീതിയിൽ ര രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന ( കാണിക്കുന്നതായ ബാങ്ക് വായ്പാ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ര ശീർഷകങ്ങളുടെ കൃത്യത സാക്ഷ്യപ്പെടുത്താൻ സാധിച്ചിട്ടില്ല.

## 1-1-21 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

നം.26/27.01.2025) സെസ്സ് അടവാക്കുന്നതിന് നോട്ടീസ് നൽകുന്നതാണ് എന്ന് മറു
ലഭ്യമാക്കിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം വിനോദനികുതിയുടെ കൂടെ ക്ഷേമന
ബോർഡിലേക്ക് അടവാക്കേണ്ട സെസ്സ് മുനിസിപ്പാലിറ്റി മുഖേന പിരിച്ചെടുത്ത് ക്ഷേമന
ബോർഡിൽ അടവാക്കേണ്ടതും ക്ഷേമ നിധി ബോർഡിൽ നിന്നും നോ ഡ്യു സർട്ടിഫി
ലഭ്യമായതിന് ശേഷം മാത്രം ലൈസൻസ് പുതുക്കി നൽകേണ്ടതുമാണ്.

## 1-21 ഭീമമായ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

നഗരസഭ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിട മുറികളുടെ വാടക ഡിമാന്റ് രജി
പരിശോധിച്ചതിൽ ധാരാളം വാടകക്കാർ ഒരു മാസത്തെ വാടക പോലും അടവാക്കാത്തത
കാണുന്നു. ഓട്ടുപാറ ബസ് സ്റ്റാന്റ് ബിൽഡിംഗ് , ഓട്ടുപാറ മാർക്കറ്റ് സ്റ്റാൾ, ഓട്ടുപാറ കംഫ
സ്റ്റേഷൻ, കെ. കരുണാകരൻ ഷോപ്പിംഗ് കോംപ്ലക്സ്, കുമ്പളങ്ങാട് വിപണന കേന്ദ്രം, അത്താ
ഷോപ്പിംഗ് കോംപ്ലക്സ്, മിണാലൂർ വനിത വിപണന കേന്ദ്രം എന്നീ കെട്ടിടങ്ങളാണ് വാടകാ
നൽകിയിട്ടുള്ളത്. പരിശോധനക്ക് ലഭ്യമാക്കിയ വാടക രജിസ്റ്ററിൽ വാടകയ്ക്ക് നൽകിയ കെ
മുറികളുടെ എണ്ണം, ഒഴിഞ്ഞു കിടക്കുന്ന കെട്ടിട മുറികളുടെ എണ്ണം എന്നിവ കൃത്യമായി എഴ
സൂക്ഷിച്ചിട്ടില്ല. 2023-24 ലെ വാർഷികധനകാര്യപത്രിക പ്രകാരം 5718369 രൂപ വാടക കുടിശ്ശികയു
ഏതാനും കെട്ടിട മുറികളുടെയും കുടിശ്ശിക കാലയളവിന്റെയും വിവരം പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടക കുടിശ്ശിക കാലയളവ് |
|---|---|---|
| 1 | 10/286 | 2023-24 സെപ്റ്റംബർ മുതൽ നാളിതു വരെ |
| 2 | 10/302 | 2023-24 സെപ്റ്റംബർ മുതൽ നാളിതു വരെ |
| 3 | 20/904 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 4 | 20/930 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 5 | 20/954 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 6 | 20/953 | 2021-22 ഏപ്രിൽ മുതൽ നാളിതു വരെ |

| | | |
|---|---|---|
| 7 | 20/951 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 8 | 20/949 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 9 | 20/948 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 10 | 20/946 | 2023-24 നവംബർ മുതൽ നാളിതു വരെ |
| 11 | 20/944 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 12 | 20/942 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 13 | 20/941 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 14 | 20/Stall No.1 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 15 | 20/925 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 16 | 20/926 | 2023-24 സെപ്റ്റംബർ മുതൽ നാളിതു വരെ |
| 17 | 20/923 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 18 | 20/920 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |

| | | |
|---|---|---|
| 19 | 20/918 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 20 | 7/Stall1 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 21 | 7/Stall2 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 22 | 7/Stall3 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 23 | 7/Stall4 | 2023-24 നവംബർ മുതൽ നാളിതു വരെ |
| 24 | 7/Stall5 | 2023-24 ആഗസ്റ്റ് മുതൽ നാളിതു വരെ |
| 25 | 7/Stall6 | 2023-24 ആഗസ്റ്റ് മുതൽ നാളിതു വരെ |
| 26 | 6/36 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 27 | 32/835 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 28 | 32/836 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 29 | 32/837 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 30 | 32/854 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |

| | | |
|---|---|---|
| 31 | 32/862 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 32 | 32/865 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 33 | 16/438 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 34 | 16/439 | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 35 | 16/436C | 2023-24 ഒക്ടോബർ മുതൽ നാളിതു വരെ |
| 36 | 16/436E | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 37 | 16/436G | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 38 | 16/436H | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |
| 39 | മിണാലൂർ വനിത വിപണനകേന്ദ്രം | 2023-24 ഏപ്രിൽ മുതൽ നാളിതു വരെ |

കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കാനാവശ്യ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.29/27.01.2025) വാടക കുടിശ്ശികയ വാടകക്കാർക്ക് നോട്ടീസ് നൽകി കുടിശ്ശിക തീർക്കുന്നത് പുരോഗമിക്കുന്നുണ്ടെന്നും കുടിശ തീർക്കാത്തവർക്ക് റെവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും മറു ലഭ്യമാക്കിയിട്ടുണ്ട്. സമയാസമയങ്ങളിൽ ഈടാക്കുവാനുള്ള വാടകതുക കൃത്യമ പിരിച്ചെടുക്കാതെ തുടരുന്നത് നഗരസഭയുടെ തനത് വരുമാനത്തിൽ ഭീമമായ നഷ്ടം ഉണ്ടാക്കു ആയതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിഷയത്തിലേക്ക് ഭരണകർത്താക്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. വാടക രജി
കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റ്
അറിയിക്കേണ്ടതുമാണ്.

## 1-22 ടർഫുകളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ്

സ. ഉ. (കൈ) നം. 77/2023 ത.സ്വ.ഭ.വ തീയതി 22.3.2023 ഉത്തരവ്, 5.4.23 ലെ സ. ഉ. (അച്ചടി) നം.26/
ത.സ്വ.ഭ.വ എന്നിവയ്ക്ക് വിധേയമായി വടക്കാഞ്ചേരി നഗരസഭ 15.06.2023 തിയ്യതിയിലെ 14-ാം
നഗരസഭ കൗൺസിൽ തീരുമാന പ്രകാരം 01.04.23 മുതൽ സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യ
ടർഫുകൾ എന്നിവക്ക് അടിസ്ഥാന വസ്തു നികുതി നിരക്ക് ഒരു ചതുരശ്ര മീറ്ററിന് 40 രൂപ
നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചത് പ്രകാരം ടർഫുകൾ ഒ
തന്നെയില്ലെങ്കിലും നഗരസഭ പരിധിയിൽ La Masia എന്ന പേരിൽ ടർഫ് പ്രവർത്തിച്ചു വരുന്നത
കണ്ടെത്തി. വടക്കാഞ്ചേരി നഗരസഭയിൽ ടർഫുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവക്ക് കെ
നമ്പർ അനുവദിച്ചു വസ്തുനികുതി ഈടാക്കുന്നുണ്ടോ എന്നതുമായി ബന്ധപ്പെട്ടു നൽകിയ ഓ
എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 27/27.01.2025) 2 ടർഫുകൾ പ്രവർത്തിക്കുന്നുണ്ടെ
വസ്തുനികുതി ഈടാക്കുന്നില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ നഗരസഭ പരിധിയ
പ്രവർത്തിക്കുന്ന ടർഫുകൾക്ക് സ.ഉ. (അച്ചടി) നം.26/2023/ത.സ്വ.ഭ.വ തി.5.04.2023 ഉത്തരവ് പ്രകാരം
24 സാമ്പത്തിക വർഷം മുതൽ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി ആയതിന്റെ രേഖ
സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചത് പ്രകാരം വടക്കാഞ്ചേരി നഗരസഭ പരിധിയിൽ
മൊബൈൽ ടവറുകൾ ഉണ്ട്. ഇതിൽ താഴെ പറയുന്ന മൊബൈൽ ടവറുകൾക്ക് ഭീമമായ
നികുതി കുടിശ്ശിക ഉള്ളതായി പരിശോധനയിൽ കാണുന്നു. മൊബൈൽ ടവറുക
വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | മൊബൈൽ സർവ്വീസിന്റെ പേര് | വിസ്തീർണ്ണം | നിലവിലെ വസ്തുനികുതി | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | 2/88A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 62.04m$^2$ | 44559 | 2016-17 മുതൽ 2023-24വരെ |
| 2. | 16/214 | എസ്സാർ ടെലികോം പ്രൈവറ്റ് ലിമിറ്റഡ് | 68.27m$^2$ | 32689 | 2013-14 മുതൽ 2023-24വരെ |
| 3. | 19/225 | രാംകുമാർ, നമ്പ്രത്ത് (സർവ്വീസ് രേഖപ്പെടുത്തിയിട്ടില്ല) | 52.2m$^2$ | 34368 | 2013-14 മുതൽ 2023-24വരെ |
| 4. | 21/1114 | റിലയൻസ് കമ്മ്യൂണിക്കേഷൻ | 39.1m$^2$ | 28082 | 2013-14 മുതൽ 2023-24വരെ |
| 5. | 24/511 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 21.5m$^2$ | 14156 | 2016-17 മുതൽ 2023-24വരെ |
| 6. | 30/500A | വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 56.82m$^2$ | 27207 | 2013-14 മുതൽ 2023-24വരെ |

മേൽ സൂചിപ്പിച്ച എല്ലാ മൊബൈൽ ടവറുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെ( ടവറുകളുടെ വസ്തുനികുതി ഈടാക്കുവാൻ സ്വീകരിച്ച നടപടികൾ, വസ്തുനിക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ സംബന്ധിച്ച് നൽകിയ ഓ(

എൻകചയറിക്ക് (ഓഡിറ്റ് എൻകചയറി നം.44/29.01.2025) മേൽ ടവറുകൾക്ക് വസ്തുനിക
അടവാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1994
കേരളാ മുനിസിപ്പാലിറ്റി ആക്ട് 539 ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്ക
തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടി
സ്വീകരിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിൽ നഗരസ
ഉണ്ടാകുന്ന നഷ്ടത്തിന്, യഥാസമയം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്
സെക്രട്ടറി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ വ്യക്തിപരമായി ഉത്തരവാദി
ആയിരിക്കുന്നതാണ്. ആയതിനാൽ 3 വർഷം മുൻപ് വരെയുള്ള കുടിശ്ശിക ഉത്തരവാദ
ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കി ഈടാക്കേണ്ടതാണ്. ബാക്കി കുടിശ്ശിക ഈടാക്കു
നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ

## 1-24 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചത് പ്രകാരം വടക്കാഞ്ചേരി നഗരസഭയിലെ താഴെ പറ
അനധികൃത കെട്ടിടങ്ങളിൽ (UA രജിസ്റ്റർ പ്രകാരമുള്ളത്) നിന്ന് വസ്തുനികുതി ഈടാക്കിയി
കുടിശ്ശിക സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | ഉടമസ്ഥന്റെ പേര് | നിലവിലെ വസ്തുനികുതി | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1. | 10/45A UA | ഷാഹിദ് ആർ. കെ, രായംമരക്കാർ | 3787 | 2017-18 മുതൽ 2023-24വരെ |
| 2. | 10/839A UA | മുൻസീർ, മുക്കണ്ടത്ത് | 4631 | 2013-14 മുതൽ 2023-24വരെ |

| | | | | |
|---|---|---|---|---|
| 3. | 11/439A UA | ജോർജ്ജ്, ജോസ് & ജിൻസി, തെക്കേടത്ത് | 7277 | 2020-21 മുതൽ 2023-24 വരെ |
| 4. | 21/816A UA | ഷൈജൻ, എഴുപ്പുള്ളി | 6336 | 2020-21 മുതൽ 2023-24വരെ |
| 5. | 27/129B UA | വർഗ്ഗീസ് സാജു, പുലിക്കോട്ടിൽ | 115104 | 2020-21 മുതൽ 2023-24വരെ |

മേൽ കെട്ടിടങ്ങളിൽ നിന്ന് വസ്തു നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വി( ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (ഓഡിറ്റ് എൻകചയറി നം.45/29.01.2025) നം. 1,4,5 കെട്ടിട ഉടമകൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 539 ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കി തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടി. സ്വീകരിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിൽ നഗരസ ഉണ്ടാകുന്ന നഷ്ടത്തിന്, യഥാസമയം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്ത സെക്രട്ടറി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ വ്യക്തിപരമായി ഉത്തരവാദി. ആയിരിക്കുന്നതാണ്. ആയതിനാൽ 3 വർഷം മുൻപ് വരെയുള്ള കുടിശ്ശിക ഉത്തരവാദ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കി ഈടാക്കേണ്ടതാണ്. ബാക്കി കുടിശ്ശിക ഈടാക്കു( നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ

## 1-25 വസ്തു നികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

1) 01.04.2023 പ്രാബല്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തുനികുതി പുതു നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(കൈ) നം.77/2023/LSGD തീയ്യതി 22.03.2023 പ്രക ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലെ ഖണ്ഡിക 10 പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തി ഉപയോഗക്രമത്തിലോ വരുന്ന മാറ്റം, കെട്ടിട ഉടമ പഞ്ചായത്തിൽ അറിയിച്ചാലും ഇല്ലെങ്കി കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറ ചേർക്കേണ്ടതാണ്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്നകാലം മുതൽ പ്രാബല്യം നൽ നികുതി പുന:നിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മ പൂർത്തീകരിക്കേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി വി ശേഖരണം നടത്തുന്നതിനായി ഖണ്ഡിക 12 ൽ പറയുന്ന പ്രകാരം 15 പേരെ നിയമിക്കുകയും അത 6 പേർ ജോലിക്ക് ഹാജരായതായും വിവര ശേഖരണം നടത്തി വരുന്നതായും ഫ പരിശോധനയിൽ കാണുന്നു (ഫയൽ നം ആർ1-17444/23). കൂടാതെ 06.07.2024 തിയ്യതിയിലെ സ (സാധാ) നം. 1228/2024/ തസ്വഭവ പ്രകാരം K-Smart സോഫ്റ്റ്‌വെയർ വഴിയുള്ള ഡാറ്റാ പ്യൂരിഫിക്കേ 2024 സെപ്റ്റംബർ 30 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡ എൻട്രിക്കുമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ, നാളിതു വരെ പൂർത്തീകരിച്ച ഫീ പരിശോധനയുടെ വിവരം, ഡാറ്റാ എൻട്രി നടത്തിയതിന്റെ വിവരം, ഡാറ്റാ പ്യൂരിഫിക്കേ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറു ലഭ്യമാക്കിയിട്ടുണ്ട്. 1,2,4,5,6,7,8,9,11,12,13,15 വാർഡുകളിലെ ഫീൽഡ് പരിശോ പൂർത്തിയാക്കിയിട്ടുണ്ട്, എന്നാൽ സോഫ്റ്റ്‌വെയർ സജ്ജമല്ലാത്തതിനാൽ ഡാറ്റാ എ നടത്തിയിട്ടില്ലെന്നും ആകെ 6159 കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തിയതിന് 246360 ചെലവഴിച്ചിട്ടുണ്ടെന്നും ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ടെന്നും മറു നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് മുഴുവൻ ഡിവിഷനുകളിലേ വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവ എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ട കൂട്ടിച്ചേർക്കലുകൾ കണ്ടെത്തിയിട്ടുള്ള കെട്ടിടങ്ങളിൽ ആയത് പരിഗണിച്ച് നിക പരിഷ്ക്കരണത്തോടെ കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**2) പരിഷ്ക്കരിച്ച വസ്തു നികുതി നിരക്ക് പൂർണ്ണമായി പ്രാബല്യത്തിൽ വരുത്തിയിട്ടില്ല**

സ.ഉ (അച്ചടി) നം 26/2023 തസ്വഭവ തീയതി 5.04.23 ഉത്തരവ് പ്രകാരം സർക്കാർ 1.04.23 മു
നഗരസഭകൾക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിർണയിച്ചിട്ടുണ്ട്. ആ
പ്രകാരം 15.06.2023 തീയതിയിലെ 14-ാം നം. നഗരസഭ കൗൺസിൽ തീരുമാന പ്രകാരം ഒരു ചതു
മീറ്റർ വിസ്തീർണത്തിനു ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചിട്ട
സഞ്ചയ സോഫ്റ്റ്‌വെയർ, ന്യൂ ബിൽഡിംഗ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്ന് 20
സാമ്പത്തിക വർഷം നമ്പർ നൽകിയിട്ടുള്ള എല്ലാ പുതിയ കെട്ടിടങ്ങൾക്കും പരിഷ്ക
നിരക്കുകൾ പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല. പ്രസ്തുത അപാ
സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേ
വരുത്താത്തതിനാൽ നിലവിലുണ്ടായിരുന്ന നിരക്കിൽ വസ്തുനികുതി ഈടാക്കുകയ
ഉണ്ടായതെന്നും സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ വരുമ്പോൾ മുൻകാല പ്രാബല്യത്തോടെ ഡിമ
വരുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ.ഉ(കൈ)നം.77/2023/ത.സ്വ.ഭ.വ തിയ്യതി 22.03.
സ.ഉ(അ)നം.26/2023/ത.സ്വ.ഭ.വ തിയ്യതി 5.04.23 എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമ
2023-24 സാമ്പത്തിക വർഷത്തിൽ നമ്പർ നൽകിയ എല്ലാ പുതിയ കെട്ടിടങ്ങൾക്കും പരിഷ്ക
വസ്തുനികുതി നിരക്ക് പ്രകാരമുള്ള വസ്തുനികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റ്
അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.30/27.01.2025)

## 1-26 നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

വാർഷിക കണക്ക് പ്രകാരം വസ്തു നികുതി, തൊഴിൽ നികുതി (ട്രേഡ്സ്) എന്നീയിനങ്ങള
കുടിശ്ശികയായി ലഭിക്കാനുള്ള തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വസ്തു നികുതി | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കറന്റ് | 34235549 | 22149198 | 12125701 |
| അരിയർ | 19109262 | 7340956 | 11781214 |

| തൊഴിൽ നികുതി | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കറന്റ് | 2481920 | 1520047 | 961873 |

| | | | |
|---|---|---|---|
| അരിയർ | 2028380 | 277590 | 1750790 |

സ.ഉ.(കൈ) 179/2022/ധന തീയതി 18.10.22 പ്രകാരം 2022-23 സാമ്പത്തിക വർഷം തനത് റവ ഡിമാന്റിന്റെ 90 ശതമാനം നികുതി പിരിവ് കളക്ഷൻ ഇല്ലാത്തതിനാൽ 2023-24 സാമ്പത്തിക വർ വികസന ഫണ്ട് ജനറൽ മൂന്നാം ഗഡുവിൽ നിന്ന് 1 ശതമാനം തുക 549410 രൂപ കുറവ് ചെയ്തിട്ടുണ്ട്. 24 സാമ്പത്തിക വർഷവും വസ്തു നികുതി, തൊഴിൽ നികുതി ഇനങ്ങളിൽ മേൽ പട്ടിക പ്രക കുടിശ്ശിക ഉണ്ട്. ആയതിനാൽ നികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടിക വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വ നം.57/30.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-27 മണ്ണ് ലേലം വിവരം ലഭ്യമാക്കിയിട്ടില്ല

2023-24 കാലയളവിൽ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള ലേലത്തിന്റെ ഫയൽ (ഇ1-467/23) അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കു ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.34/28.01.25 നൽകിയിരുന്നു. വിശദവിവരം താഴെച്ചേർക്കുന്നു

1. ഭരണസമിതി തീരുമാനം നം.20/20.09.23 പ്രകാരം ഡിവിഷൻ 30 ൽ വിരിക്കിച്ചിറ ഫൈബർ ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് 650 M3(1300 Tonne) മണ്ണ് 52000 രൂപയ്ക്ക് 25.08.23 തീയ്യതി കൂടുതൽ തുക ലേലം വിളിച്ച വിനോദ് കുമാർ എന്നവർക്ക് ലേലം നൽകുന്നതിന് തീരുമാനിച്ചിട്ടു

2. ഭരണസമിതി തീരുമാനം നം. 24/15.06.23 പ്രകാരം (ഇ1-8269/23) ഡിവിഷൻ 30 ൽ ഗവ. യു. പി. പാർളിക്കാട് കെട്ടിടത്തിന്റെ തെക്ക് ഭാഗത്തുള്ള മൺതിട്ട (280.4 M3) നീക്കം ചെയ്യുന്നതിന് ലേ വിളിച്ച് ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിമൽ ശങ്കർ, പാറപ്പുറത്ത് വീട് എന്നവരുടെ ലേലം 1 രൂപയ്ക്ക് ഉറപ്പിച്ചിട്ടുണ്ട്. ചെയർമാൻ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതായ മിനിട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഫയലും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കുവാൻ ആവശ്യ എൻക്വയറി നൽകിയെങ്കിലും വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-28 ഇ-ടെൻഡർ ഫീ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

2023-24 കാലയളവിലെ ഇ-ടെൻഡർ ഫീ ക്രെഡിറ്റാകുന്ന അസിസ്റ്റന്റ് എൻജിനിയറുടെ എസ്.ബി. അക്കൗണ്ടിൽ നിന്ന് (നം.67327267026) തനത് ഫണ്ടിലേക്ക് തുക മാറ്റിയിട്ടില്ല. 25.03.24 പ്രകാരം അ എഞ്ചിനീയറുടെ അക്കൗണ്ടിൽ 19,17,374 രൂപ നീക്കിയിരിപ്പുണ്ട്. ഓഡിറ്റ് എൻക്വയറി നം.41/29. നല്കിയെങ്കിലും തുക തനത് ഫണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ത ഫണ്ടിലേക്ക് ടെണ്ടർ ഫീ യഥാസമയം മാറ്റി നിക്ഷേപിക്കേണ്ടതും. നടപടി സ്വകരിച്ചതിന്റെ വി ലഭ്യമാക്കേണ്ടതുമാണ്.

## 1-29 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകയിലും അധികമായി ബാധ്യത – തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2023-24 വർഷത്തെ നഗരസഭയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയുടെ ബാ ട്രഷറി അക്കൗണ്ടുകളുടെ 31-03-2024 ലെ നീക്കിയിരിപ്പ് വിവരങ്ങളും നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ട തുകയിൽ പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള തുകയുടെയും നഗരസഭ തിര നല്കേണ്ടതായ ഡെപ്പോസിറ്റ് തുകയുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബാധ്യതകൾ | | ആസ്തികൾ | |
|---|---|---|---|
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ | 31-03-2024 ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ | 31-03-2024 ലെ നീക്കിയിരിപ്പ് |
| ബി-2 (Earmarked Funds) | 19,63,258 | ബി-12 (ഇൻവെസ്റ്റ്മെന്റുകൾ) | 9,77,251 |
| ബി-4 (Grants & Contribution For Specific Purposes) | 1,90,41,473 | ബി-17 (കാഷ് & ബാങ്ക് ബാലൻസ് | 3,22,85,341 |

| | | | |
|---|---|---|---|
| ബി-7 (Deposits Received) | 1,04,01,572 | | |
| ബി-9 (Other Liabilities) | *1,02,09,956 | | |
| ആകെ | 4,16,16,259 | ആകെ | 3,32,62,592 |

(*അഡ്വാൻസ് ഇനങ്ങളിൽ ലഭിച്ച മുൻകൂർ തുകകൾ ഒഴികെ)

മേൽ പട്ടിക പ്രകാരം 31-03-2024 ലെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പിനേക്കാൾ കൂടുതൽ ( തിരികെ നൽകാനുള്ള ബാധ്യതയായി/ പ്രത്യേക ആവശ്യത്തിന് ചെലവഴിക്കാനുള്ള ബാധ്യതയ നഗരസഭയ്ക്ക് ഉണ്ട്. നീക്കിയിരിപ്പിനേക്കാൾ അധികം ബാധ്യതയുള്ളതിനാൽ സാങ്കേതികമ നഗരസഭ മൈനസ് ഫണ്ടിലാണ് പ്രവർത്തിക്കുന്നത്.

ബാലൻസ് ഷീറ്റ് പ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ടതായുള്ള തുകകളുടെയും നഗരസഭ ത ഫണ്ടിൽ നിന്നും അടവാക്കേണ്ടതായ ബാധ്യതകളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബാധ്യതകൾ | | ആസ്തികൾ | |
|---|---|---|---|
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ | 31-03-2024 ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ | 31-03-2024 ലെ നീക്കിയിരിപ്പ് |
| ബി-5 | *14,64,975 | ബി-15 (Sundry Debtors) | 3,40,38,893 |
| ബി-6 | 2,10,60,446 | | |
| ആകെ | 2,25,25,421 | ആകെ | 3,40,38,893 |

(*വികസന ഫണ്ടിൽ നിന്നും തിരിച്ചടവാക്കേണ്ടതായ ലൈഫ് ഭവന പദ്ധതി KURDFC ലേ ഒഴികെയുള്ള തുക)

എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള മേൽ ആസ്തി-ബാധ്യതകളെ സാധൂകരിക്കുന്ന രീതിയ നിലവിൽ നഗരസഭയിൽ രേഖകൾ സൂക്ഷിക്കുന്നില്ല. ഇൻവെസ്റ്റ്മന്റ് സംബന്ധിച്ച രേഖകൾ ഒ തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരമുള്ള ബാധ ശീർഷകങ്ങളുടെ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ശീർഷകങ്ങളുടെ വരവ് ചെലവ് നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതി കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ ആ പരിശോധിക്കുന്നതിനോ സാധിക്കുന്നില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ഉൾപ്പെട്ട ബാധ ശീർഷകങ്ങളിൽ പ്രത്യേകമായി ബാങ്ക് അക്കൗണ്ട് ഇല്ലാത്ത ഇനങ്ങളുടെ അപ്രോപ്രിയേ കൺട്രോൾ റജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഫണ്ടുകളുടെ വരവ് ചെ നീക്കിയിരിപ്പുകളുടെ ഫലപ്രദമായ നിരീക്ഷണം സാദ്ധ്യമാകുന്നില്ല. വസ്തുനികുതി, തൊ നികുതി, ലൈസൻസ് ഫീസ്, വാടക മുതലായ ഇനങ്ങളുടെ ഡിമാന്റ് കളക്ഷൻ ബാല കാണിക്കുന്ന രജിസ്റ്ററുകൾ, വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല. ലേ രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ വായ്പാ തിരിച്ചടവ് ബാലൻസ് സ്റ്റേറ്റ്മന്റ് ബാങ്കിൽ നി ലഭ്യമാക്കുകയോ ചെയ്യുന്നില്ല. മേൽ കാരണങ്ങളാൽ ബാലൻസ് ഷീറ്റിലെ ആസ്തി-ബാധ നീക്കിയിരിപ്പുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീക നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം.64/31-01-2025)

## 1-30 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക് ഗ്രാന്റ്) പ്രൊജക്ടുകൾക്കായ ടൈഡ് ഗ്രാന്റ് ചെലവഴിച്ചു

2023-24 വർഷത്തിൽ സ.ഉ.(സാധാ)നം.3027/2023/ധന. തീയതി 13-04-2023, സ.ഉ.(സാധാ)നം.2893/2023/ തീയതി 05-04-2023 എന്നീ ഉത്തരവുകൾ പ്രകാരം 2022-23 വർഷത്തെ ധനകാര്യ കമ്മീഷൻ ഗ്ര (ടൈഡ് ഗ്രാന്റ് & ബേസിക് ഗ്രാന്റ്) രണ്ടാം ഗഡു നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. ലഭ്യമായ ഗ്ര തുകകൾ 320200104-DF-CFC-Capital എന്ന ശീർഷകത്തിലേക്ക് വരവ് വെച്ചിട്ടുണ്ട്. ലെഡ്ജർ പ്രകാരമ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ബേസിക് ഗ്രാന്റ് | ടൈഡ് ഗ്രാന്റ് |
|---|---|---|
| മുൻബാക്കി* | 7,01,571 | |
| തൻവർഷം ലഭിച്ച ഗ്രാന്റ് | 87,11,500 | 1,30,67,000 |
| പലിശ | 2,95,691 | - |
| ആകെ** | 97,08,762 | |
| ചെലവ് | 1,13,97,319 | 1,09,18,262 |
| നീക്കിയിരിപ്പ് | (-)16,88,557 | 21,48,738 |

* മുൻബാക്കി തുക വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

** മുൻബാക്കി കൂടി ബേസിക് ഗ്രാന്റിൽ ഉൾപ്പെടുത്തിയത് .

മേൽ പട്ടിക പ്രകാരം ബേസിക് ഗ്രാന്റിനത്തിൽ ലഭിച്ച തുകയേക്കാൾ കൂടുതൽ ചെലവഴിച്ചിട്ടു കൂടുതലായി ചെലവഴിച്ച തുക ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിൽ നിന്നാണ് ചെലവഴിച്ചിട്ടുള നഗരഭരണ സ്ഥാപനങ്ങൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഇനത്തിൽ അ അനുവദിക്കുന്നത് കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിൽ മാത്രമുള്ള പ്രൊജക്റ്റുകള നിർവ്വഹണത്തിനാണ്.

ബേസിക് ഗ്രാന്റ് വകയിരുത്തിയ പ്രൊജക്റ്റുകൾക്കായി കുടിവെള്ളം, ശുചിത്വം എന്നീ മേഖലകള മാത്രം ചെലവഴിക്കപ്പെടാൻ ഉദ്ദേശിച്ചിട്ടുള്ള ടൈഡ് ഗ്രാന്റ് ചെലവഴിച്ചത് സംബന്ധിച്ച ഓഡ അന്വേഷണത്തിന് (നം. 62 /30-01-2025) മറുപടി ലഭ്യമാക്കിയില്ല.

ധനകാര്യകമ്മീഷൻ (ടൈഡ്) ഗ്രാന്റ് ഉപയോഗിച്ച് നിർവ്വഹിക്കപ്പെട്ട പ്രൊജക്റ്റു പരിശോധിക്കേണ്ടതും ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിക്കുന്നതിനായി നിർദ്ദേശിക്കപ ഗ്രാന്റുകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചത് കണ്ടെത്തി ആനുപാതികമായ തുക ബേസ ഗ്രാന്റിൽ നിന്നും ടൈഡ് ഗ്രാന്റിലേക്ക് വകയിരുത്തേണ്ടതുമാണ്.

## 1-31 നഗരസഭാ സെക്രട്ടറിയുടെ കാർട്ടേഴ്സിനായി കെട്ടിടം വാടകയ്ക്കു ലഭ്യമാക്കി - സെക്രട്ടറിയ്ക്ക് അനുവദനീയമായ വീട്ടുവാടക ബത്തയും

## നിശ്ചിതനിരക്കിലുള്ള വാടകയും നഗരസഭയിൽ ഒടുക്കിയില്ല.

(ഫയൽ നമ്പർ. ജി1- 8748/20)

16.01.2017-ലെ സ.ഉ.(എം.എസ്) നം.15/2017/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമ സ്വന്തമായി കാർട്ടേഴ്സില്ലാത്തതിനാൽ വടക്കാഞ്ചേരി നഗരസഭാ സെക്രട്ടറിയ്ക്ക് വാടക കാർട്ടേഴ്സ് ലഭ്യമാക്കിയിട്ടുണ്ട്. സെക്രട്ടറിയുടെ കാർട്ടേഴ്സിനായി കണ്ടെത്തിയ കെട്ടിടത്ത പ്രതിമാസം 10,000 രൂപാ നിരക്കിൽ പ്രതിമാസവാടക ജെയ് മോൾ സൂസൻ മാത്യു എന്നിവ അനുവദിയ്ക്കുന്നുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 25.03.2021-ലെ 18-ാം നമ്പർ തീരുമ പ്രകാരം ഇതിന് അംഗീകാരം നൽകിയിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനാധാരമായ അജണ്ടാ സ്ലിപ്പിൽ സെക്രട്ടറിയുടെ വീട്ടുവാടകബത്തയും അടിസ്ഥ ശമ്പളത്തിന്റെ 2% നിരക്കിൽ വാടകയും സെക്രട്ടറി നഗരസഭാ ഫണ്ടിൽ അടവാക്കണ നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്ക ഉത്തരവ് (സ.ഉ (പി) നം.27/2021/ധന തീ. 10.02.2021) ഖണ്ഡിക 16 പ്രകാരം കാർട്ടേഴ്സ് അനുവദിച്ച 5 105300 ശമ്പളനിരക്കിനുമുകളിലുള്ള ജീവനക്കാരിൽ നിന്ന് അടിസ്ഥാനശമ്പളത്തിന്റെ 2% നിരക്ക വാടകയീടാക്കണമെന്നും കാർട്ടേഴ്സ് അലോട്ട്മെന്റ് ലഭിച്ച ജീവനക്കാർക്ക് വീട്ടുവാടകബത്ത അർഹതയില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 28.01.2021 മുതൽ നഗരസഭാ സെക്രട്ടറിയ വടക്കാഞ്ചേരി നഗരസഭയിൽ ജോലി ചെയ്യുന്ന ശ്രീ. മനോജ് കെ. കെ. നാളിതുവരെയ തനിക്കർഹമായ വീട്ടുവാടകബത്തയും നിശ്ചിത നിരക്കിലുള്ള വാടകയും നഗരസഭാ ഫണ അടവാക്കിയിട്ടില്ല. 2023-24 സാമ്പത്തികവർഷത്തിൽ സെക്രട്ടറിയുടെ കാർട്ടേഴ്സിന വാടകയിനത്തിൽ 1,20,000 രൂപ നഗരസഭാ ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. നൽകിയ തുകകള വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ / തീയ്യതി | തുക |
|---|---|---|
| 1 | 22300070 / 12.10.2023 | 10,000 |
| 2 | 22300833 / 02.11.2023 | 60,000 |
| 3 | 22302108 / 01.03.2024 | 50,000 |
| **ആകെ** | | **1,20,000** |

ടി തുക നഗരസഭാ ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ അറിയിക്കേണ്ടതാണ്.

## 1-32 മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചില്ല

നഗരസഭാ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി തനതു ഫണ്ടിൽ നിന്ന് നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

1) വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തീയ്യതി | തുക | കൈപ്പറ്റിയ ആളുടെ പേര്/തസ്തിക | ആവശ്യം |
|---|---|---|---|---|
| 1 | 22300063/11.10.2023 | 10,000 | ശ്രീരാമൻ (തസ്തിക രേഖപ്പെടുത്തിയിട്ടില്ല) | സെക്രട്ടറിയുടെ കാർ സർവ്വീസ് ചെയ്യുന്നതിനായി |
| 2 | 22300042/03.10.2023 | 100,000 | വിഷ്ണു ടി. വി. | ബഡ്ജറ്റ് |
| 3 | 22300048/ 04.10.2023 | 100,000 | സിദ്ദിഖുൾ അക്ബർ ടി. എ, JHI | വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് ഉദ്ഘാടനം. |
| 4 | 22300930/20.11.2023 | 300,000 | ഹരിദാസ്, സുധീർ, റിൻഷാദ് | കുടിവെള്ള വിതരണം |
| 5 | 22300097/ 12.10.23 | 100,000 | പുഷ്പാകരൻ | കുടിവെള്ള വിതരണം |
| 6 | 22301337/ 30.12.2023 | 25000 | സിദ്ദിഖുൾ അക്ബർ ടി എ, JHI | C&D മാലിന്യ യാർഡ് |
| 7 | 22300214/16.20.2023 | 25000 | സിദ്ദിഖുൾ അക്ബർ ടി. എ, JHI | മാലിന്യ മുക്തം നവകേരളം |

| | | | | |
|---|---|---|---|---|
| 8 | 22300220/16.10.2023 | 25000 | നിധിൻ എം. കെ., ക്ലർക്ക് | കെ ഫോൺ ഉദ്ഘാടനം |
| 9 | 22301551/11.01.2024 | 50,000 | രാജീവൻ പി. എൻ., JHI | SSLC, പ്ലസ് ടു വിജയികൾക്കുള്ള അവാർഡ്ദാനം |
| 10 | 2230044/ 03.10.2023 | 200,000 | സിദ്ദിഖുൾ അക്ബർ ടി. എ., JHI | സ്വച്ഛതാ ലീഗ് 2.0 |
| 11 | 22300807/02.11.2023 | 200,000 | ജയപ്രകാശ് കെ. യു, സീനിയർ ക്ലർക്ക് | കേരളോത്സവം 2023 |
| 12 | 22300938/20.11.2023 | 1200 | രാമൻ എം. എൻ. (തസ്തിക രേഖപ്പെടുത്തിയിട്ടില്ല) | വാഹനം സർവീസ് ചെയ്യുന്നതിന് |

2) അഡ്വാൻസ് രജിസ്റ്റർ പ്രകാരം പരിശോധനയിൽ വൗച്ചറുകൾ ലഭ്യമാകാത്ത മുൻകൂർ തുകകളു‌ടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. രജിസ്റ്ററിൽ വൗച്ചർ നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | അഡ്വാൻസ് രജിസ്റ്ററിലെ തീയതി | തുക | കൈപ്പറ്റിയ ആളുടെ പേര് | ആവശ്യം |
|---|---|---|---|---|
| 1 | 20.06.2023 | 40,000 | രാജീവൻ പി. എൻ, JHI | യോഗ |
| 2 | 11.07.2023 | 25000 | രാജീവൻ പി. എൻ, JHI | GUPS ഓട്ടുപാറ സെക്രട്ടറി ഇൻ ചാർജ്ജ് |
| 3 | 20.11.2023 | 9000 | സുജിത് കെ. | മൃതദേഹം സംസ്കരിക്കൽ |

| | | | | |
|---|---|---|---|---|
| 4 | 21.12.2023 | 95,502 | നിതിൻ എം. കെ. | റിപബ്ലിക് ദിനാഘോഷം |
| 5 | 25.01.2024 | 50,000 | വിബി ടി. ബാലൻ , JHI | ഉത്രാളിക്കാവ് പൂരം |
| 6 | 11.03.2024 | 33,8138 | ജയപ്രകാശ് കെ. യു, സീനിയർ ക്ലർക്ക് | ടാക്സ് കളക്ഷൻ |
| 7 | 21.12.2023 | 200,000 | നിതിൻ എം. കെ., ക്ലർക്ക് | മുകുന്ദരാജ സാംസ്കാരികോത്സവം |

നിശ്ചിത സമയപരിധിക്കകം മുൻകൂറുകൾ ക്രമീകരിച്ചതായി അഡ്വാൻസ് രജിസ്റ്റ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓ അന്വേഷണം.46/29.01.2025) മറുപടിയൊന്നും തന്നെ ലഭ്യമാക്കിയിരുന്നില്ല. കുടിവെ വിതരണത്തിനായി നൽകിയ മുൻകൂർ തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിശ്ച സമയപരിധിക്കകം മുൻകൂറുകൾ ക്രമീകരിച്ചതായ രേഖകളോ അഡ്വാൻസ് രജിസ്റ്റ രേഖപ്പെടുത്തിയതായോ പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. രജിസ്റ്ററിൽ മുൻകൂർ ൽ കൈപ്പറ്റിയ ജീവനക്കാരുടെ തസ്തിക രേഖപ്പെടുത്തിയിട്ടില്ല. മേൽപറഞ്ഞ അഡ്വാൻസുകള പലതും നഗരസഭയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജൂനിയർ ഹെൽ ഇൻസ്പെക്ടർമാർക്കാണ് അനുവദിച്ചിട്ടുള്ളത്. ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യ ജീവനക്കാർക്ക് മുൻകൂർ അനുവദിക്കുന്നതിനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കിയിട്ടില്ല.

4.10.2011-ലെ സ.ഉ.(പി)419/11/ധന ഉത്തരവിൽ അഡ്വാൻസ് കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബ സമർപ്പിക്കണമെന്നും അഡ്വാൻസ് തുക മുഴുവനായി ചെലവഴിക്കാതിരിക്കുകയും ഫൈനൽ ബ യഥാസമയം സമർപ്പിക്കുകയും ചെയ്യുന്ന സംഗതികളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക തുക അഡ്ജസ്റ്റ് ചെയ്യുന്ന ദിവസം വരെ 18% നിരക്കിൽ പിഴപ്പലിശ ഈടാക്കണമെന്നും 3 മാസത്തിന ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും 18% പിഴപലിശ സഹിതം തിരി

ഈടാക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും തന്നെ നഗരസഭ പാലിക്കപ്പെട്ടിട്ടില്ല.

മുൻകൂറുകൾ നിശ്ചിതസമയപരിധിയ്ക്കകം ക്രമീകരിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ട അഡ്വാൻസ് ക്രമീകരണത്തിലെ അനാസ്ഥയ്ക്കും കാലതാമസത്തിനും ഉത്തരവാദി ഉദ്യോഗസ്ഥരിൽ നിന്നും മേൽസൂചിത ഉത്തരവ് പ്രകാരമുള്ള തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-33 എഞ്ചിനിയറിങ് വിഭാഗത്തിന്റെ ആവശ്യത്തിനായി വാഹനം വാടകയ്ക്ക് നൽകിയ വകയിൽ അനുവദിച്ച തുക തടസ്സപ്പെടുത്തുന്നു

എഞ്ചിനിയറിങ്ങ് വിഭാഗത്തിന്റെ ആവശ്യത്തിനായി വാഹനം വാടകയ്ക്ക് എടുത്ത വകയിൽ നന്ദകുമാർ കെ. പി. എന്ന വ്യക്തിക്ക് അനുവദിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടക വാഹനം ഉപയോഗിച്ച തീയ്യതി | വൗച്ചർ നമ്പർ/ തീയ്യതി | അനുവദിച്ച തുക |
|---|---|---|---|
| 1 | 2023 ഒക്ടോബർ 22, 23, 26, 27, 29, 30 | 22300814/ 02.11.2023 | 12000 |
| 2 | 2023 ഒക്ടോബർ 1 മുതൽ 13 വരെ | 22301146/ 23.12.2023 | 24000 |
| 3 | 2023 ഒക്ടോബർ 16 മുതൽ നവംബർ 14 വരെ | 22301182/ 26.12.2023 | 34000 |
| | | **ആകെ** | **70000** |

മേൽ തുകകൾ അനുവദിച്ചത് ശ്രീ. നന്ദകുമാർ കെ. പി. എന്ന വ്യക്തിയുടെ അപേക്ഷയ അടിസ്ഥാനത്തിലാണ്. പരിശോധനയിൽ അപേക്ഷയോടൊപ്പം മേൽ തീയ്യതികളിലെ ( ഷീറ്റുകൾ സമർപ്പിച്ചിട്ടില്ല. ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ടി വാടക അനുവദി

എന്നത് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷ 48/30.01.2025) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടേയും മറുപടിയുടേയും അഭാവത്ത ചെലവഴിച്ച തുക 70,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 ഡോക്ടറുടെ വിരമിക്കൽ ചടങ്ങിന് ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

മുണ്ടത്തിക്കോട് ഗവ. ആയുർവ്വേദ ഡിസ്പെൻസറിയിലെ ഡോക്ടറായ ശ്രീ. എ. എം. ശങ്ക എന്നവരുടെ വിരമിക്കൽ ചടങ്ങിന് 19200 രൂപ (വൗച്ചർ നമ്പർ: 22300265, തീയ്യതി : 17.10.2023) ത ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടി അനുവദിച്ചത് എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം : 51/30.01. മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി വിഷയത്തിന്മേലുള്ള മറുപടി ലഭ്യമാക്കേണ്ടത ചെലവ് തുക 19200 തടസ്സപ്പെടുത്തുന്നു.

## 1-35 ഓണാഘോഷത്തിന്റെ ചെലവ് 501030 രൂപ തടസ്സപ്പെടുത്തുന്നു

ഓണവർണ്ണം 2023 എന്ന പേരിൽ നഗരസഭ സംഘടിപ്പിച്ച ഓണാഘോഷത്തിന് ചെലവായ തുക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തീയ്യതി | ഇനം | തുക |
|---|---|---|---|
| 1 | 22300826/ 02.11.2023 | ബാനർ | 1300 |
| 2 | 22300827/ 02.11.2023 | ഭക്ഷണം | 51800 |
| 3 | 22300828/ 02.11.2023 | ലോഡ്ജിംഗ് | 4800 |
| 4 | 22300829/ 02.11.2023 | ബാനർ, മെമെന്റോ, ബാഡ്ജ്, നോട്ടീസ് | 30080 |
| 5 | 22300830/ 02.11.2023 | ബോർഡ് | 7500 |

| | | | |
|---|---|---|---|
| 6 | 22300831/ 02.11.2023 | സൗണ്ട്, പന്തൽ ഡെക്കറേഷൻ | 201000 |
| 7 | 22301397/ 04.01.2024 | സൗണ്ട്, പന്തൽ ഡെക്കറേഷൻ | 204,550 |
| | | **ആകെ** | **501030** |

ഓണാഘോഷത്തിന് ടി തുക ചെലവ് ചെയ്യാൻ അനുമതി ലഭ്യമായ സർക്കാർ ഉത്തരവ് ഹാജരാക ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം : 60/30.01.2025) മറു ലഭ്യമാക്കിയിട്ടില്ല. മതിയായ ചെലവുരേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് ചെയ്ത തുക 501030 തടസ്സപ്പെടുത്തുന്നു.

## 1-36 വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് ഉദ്ഘാടനത്തിന്റെ ചെലവ് തടസ്സപ്പെടുത്തുന്നു

(ഫയൽ നമ്പർ : പി എച്ച് 1-7384/23)

ബഹു. തദ്ദേശ വകുപ്പ് മന്ത്രി പങ്കെടുത്ത വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് ഉദ്ഘാടനത്തിനായി 100000 (വൗച്ചർ നമ്പർ: 22300048 തീയ്യതി: 04.10.2023) മുൻകൂറായും 100720 രൂപ (വൗച്ചർ നമ്പർ: 22300685 തീയ 28.10.2023) ബില്ലുകളുടെ അടിസ്ഥാനത്തിലും അനുവദിച്ചിട്ടുണ്ട്. സ.ഉ.(സാധാ) നം.1255/2022/L തീയ്യതി: 19-05-2022 പ്രകാരം ബഹു. മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങുക ചെലവഴിക്കാവുന്ന പരമാവധി തുക 50000 രൂപയാണ്. നഗരസഭയുടെ പ്രസ്തുത ഉദ്ഘ ചടങ്ങിനായുള്ള 200720 രൂപയുടെ ചെലവ് അനുവദനീയമാകുന്ന സർക്കാർ ഉത്തരവ് ഹാജരാക ഓഡിറ്റ് അന്വേഷണം (ഓഡിറ്റ് അന്വേഷണം: 65/31.01.2025) നൽകിയിരുന്നെങ്കിലും മറു ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അനുവദനീയമായ 50000 രൂപ പരിധിക്ക് മുകളിൽ ചെലവ് ചെ 150720 രൂപ തടസ്സപ്പെടുത്തുന്നു.

## 1-37 മുകുന്ദരാജ സാംസ്കാരികോത്സവം-ചെലവ് ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല, 300000 രൂപ തടസ്സപ്പെടുത്തുന്നു

13.04.23ലെ വടക്കാഞ്ചേരി നഗരസഭ ഭരണസമിതി തീരുമാനം 24, 25 എന്നിവ പ്രകാരം മുകുന്ദ സാംസ്കാരികോത്സവം 2022 നോടനുബന്ധിച്ച് നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടറായ ശ്രീ. ടി. പ ഉണ്ണികൃഷ്ണന് 13.12.2022 ലെ വൗച്ചർ നം.22201196 പ്രകാരം 50000 രൂപയും 22.12.2022 ലെ 22201236 വ പ്രകാരം 250000 രൂപയും വിവിധ ചെലവുകൾക്കായി മുൻകൂർ അനുവദിച്ചിട്ടുള്ളതായും 45 രൂപയുടെ വൗച്ചർ സമർപ്പിച്ചിട്ടുള്ളതുമായി രേഖപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസ് നൽകിയ ക്രമവത്കരിക്കുമ്പോൾ അധികം വന്ന തുക 158122 രൂപ ശ്രീ. ഉണ്ണികൃഷ്ണന് നൽകുന്ന തീരുമാനിച്ചിട്ടുണ്ട്.

അഡ്ജസ്റ്റ്മെന്റ് വൗച്ചർ/സെറ്റിൽമെന്റ് വൗച്ചറുകൾ, അനുബന്ധ രേഖകൾ, അഡ്വാൻസ് രജിസ്റ്റ ചേർത്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയത് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മാസത്തിനുള്ളിൽ അഡ്ജസ്റ്റ് ചെയ്യാത്ത അഡ്വാൻസ് തുകയും ആയതിന്റെ 18% പിഴപ്പലിശ ഈടാക്കേണ്ടതാണ്. (കെ.എഫ്.സി ആർട്ടിക്കിൾ 99, ജി.ഓ(പി)നം.419/11 ഫിൻ തിരുവനന്ത തീയ്യതി 4.10.2011). മേൽപ്പറഞ്ഞ വിഷയത്തിൽ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി നം.47/29. നൽകിയിരുന്നതാണ്. എന്നാൽ ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുകുന്ദ സാംസ്കാരികോത്സവം - ചെലവുകൾ ക്രമീകരിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇതുമ ബന്ധപ്പെട്ട തുക തടസ്സപ്പെടുത്തുന്നു. ചെലവു ക്രമീകരിക്കാൻ വൈകിയ കാലയള ക്രമീകരിക്കാനുള്ള തുകയും നിയമാനുസൃതമായ പിഴപ്പലിശയും ഉത്തരവാദിയായ ഉദ്യോഗസ്ഥ നിന്ന് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-38 തെരുവു വിളക്കുകളുടെ പരിപാലനം-രേഖകൾ ലഭ്യമാക്കിയിട്ടില്ല

വടക്കാഞ്ചേരി നഗരസഭാ ഭരണസമിതിയുടെ 16.08.23 ലെ തീരുമാനം നം.9 പ്രകാരം ഹൈമ മിനിമാസ്റ്റ് ലൈറ്റുകൾ 17 എണ്ണം സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കു തുകയ്ക്ക് കോട്ട് ചെയ്ത കേരള ഇലക്ട്രിക്കൽ അലൈഡ് എൻജിനിയറിംഗ് കമ്പനി ലിമിറ്റഡ് സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിന് ചെയർമാൻ നൽകിയ മുൻകൂർ അനു സാധൂകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരം കേരള ഇലക്ട്രിക്കൽ അലൈ എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഒരു പ്രവൃത്തി 170000 രൂപയ്ക്കു പ്രവൃത്തികൾ 2890000 രൂപയ്ക്കും ചെയ്യുവാനാണ് ഏൽപ്പിച്ചിട്ടുള്ളത്.

മേൽപ്പറഞ്ഞ പ്രവൃത്തി ടെൻഡർ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിയതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല. (ഇ1-7850/23 നം. ഫയൽ). 11.01.23 ലെ യോഗതീരുമാനം നം.30 പ്രകാരം (ഇ1-22 നം.ഫയൽ) നിലാവ് പദ്ധതിയുടെ ഭാഗമായി കേച്ചേരി ഇലക്ട്രിക്കൽ സെക്ഷൻ പരിധി സ്ഥാപിക്കുന്നതിനായി തോട്ട് റിപ്പിൾസ് എന്ന സോഫ്റ്റ്‌വെയറിൽ ചേർത്തിരുന്ന നാൽപ്പത് ബൾബുകളുടെയും ഒരു 110w ബൾബിന്റെയും പ്രവൃത്തി പൂർത്തീകരിച്ചതായി കെ.എസ്.ഇ സോഫ്റ്റ്‌വെയറിൽ തെറ്റായി രേഖപ്പെടുത്തി. ആയതിനാൽ ടി പ്രവൃത്തി ചെയ്യിപ്പിക്കുവാന പഞ്ചായത്തിന്റെ ആവശ്യം കെ.എസ്.ഇ.ബി നിരാകരിക്കുകയും പ്രസ്തുത പോസ്റ്റുകളിൽ പിന്നീട് ബൾബുകൾ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ സ്ഥാപിക്കുകയും ചെയ്തു. നാൽപത് 18 W ബൾബുകളും 18 W ബൾബും (ആകെ 41 എണ്ണം) ഓട്ടുപാറ, വടക്കാഞ്ചേരി, കുമ്പളങ്ങാട് എന്നിവിടങ്ങ സ്ഥാപിക്കാനും മേൽപ്പറഞ്ഞതു പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. വിശദവിവര ലഭ്യമാക്കുന്നതിനോടൊപ്പം വടക്കാഞ്ചേരി നഗരസഭ പരിധിയിലുള്ള വിവിധ തരത്തില തെരുവുവിളക്കുകളുടെ വാർഡ് തിരിച്ച് ഉള്ള ലിസ്റ്റ്, സാധാരണ ബൾബുകളുടെ എണ്ണം, റിപ്പ വിവരം, കൗൺസിലർമാരുടെ ആവശ്യകത അപേക്ഷ, ആകെ ഉപഭോഗത്തിന്റെ വാട്ടേജ്, സംയു പരിശോധന നടത്തിയ വിവരം എന്നിവ ലഭ്യമാക്കുവാൻ (ഓഡിറ്റ് എൻക്വയറി നം.58/30.01.25) ഓ എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിലേ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-39 വെള്ളക്കരം-സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം

ബിൽ നമ്പർ 80045 /5-12-2023 പ്രകാരം പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തൻമാസ ഡിമാ 447700 രൂപ, കുടിശ്ശിക 33688751 രൂപ, പിഴ 660820 രൂപ എന്നിവ സഹിതം 34797271 രൂപയുടെ ഡിമാ കേരള വാട്ടർ അതോറിറ്റി, തൃശ്ശൂരിൽ നിന്ന് ലഭിച്ചിട്ടുള്ളതാണ്. നിലവിൽ 246 ടാപ്പുകളാണ് ഉള ഇത്രയും വലിയ തുകക്കുള്ള ഡിമാന്റ് ലഭിക്കാനുള്ള സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 31 തിയ്യതി 27/1/25) ന് മറുപടി ലഭ്യമാക്കിയിട്ട നഗരസഭയിൽ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 447700 രൂപ മാത്രമ

അടവാക്കിക്കൊണ്ടിരിക്കുന്നത്. പൊതുടാപ്പുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടും ബിൽ ( മാറ്റമില്ലാതെ തുടരുകയാണ്.

പ്രവർത്തരഹിതമായതും ആവശ്യമില്ലാത്തതുമായ പൊതുടാപ്പുകളുടെ കണക വിച്ഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് നൽകിയ കത്തുകൾക്ക് ഓർമ്മേക്കു നൽകേണ്ടതും അനുകൂലമായ നടപടികൾക്ക് താമസം നേരിടുന്ന പക്ഷം ജലവകുപ്പ് ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്, ഈ വിഷയത്തിൽ ഭരണ സമിതിയ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-40 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ ലഭ്യമാക്കിയിട്ടില്ല - 2194944 രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക പ്രോജക്ടുകളുടെ ഫയലുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (ഓ( എൻക്വയറി നം.16/27.01.2025) നൽകിയിട്ടും താഴെപ്പറയുന്ന ഫയലുകൾ പരിശോധന( ഹാജരാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്, നമ്പർ | തുക |
|---|---|---|
| 1 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് (പ്രൊജക്ട് നം. 4/24) | 445450 |
| 2 | സ്വച്ഛ് ഭാരത് മിഷൻ അർബൻ – വിവിധ ഐ.ഇ.സി. പ്രവർത്തനങ്ങൾ (പ്രൊജക്ട് നം. 772/24) | 108930 |
| 3 | ബയോ ബിൻ (പ്രൊജക്ട് നം. 379/24) | 533576 |
| 4 | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കറന്റ് ബിൽ,ഫോൺ ബിൽ അടവാക്കൽ (പ്രൊജക്ട്നം.375/24) | 175273 |

| | | |
|---|---|---|
| 5 | ഹരിത കർമ്മ സേനയ്ക്ക് യൂണിഫോം (പ്രൊജക്ട് നം. 380/24) | 67500 |
| 6 | കുമ്പളങ്ങാട് മാലിന്യ പ്ലാന്റിലെ വിൻഡ്രോ കംമ്പോസ്റ്റ് വികസനം (പ്രൊജക്ട് നം. 383/24). | 477420 |
| 7 | വായനശാലകൾക്ക് കംമ്പ്യൂട്ടറും പ്രിന്ററും (പ്രൊജക്ട് നം. 823/24). | 119634 |
| 8 | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസ് അനുബന്ധ ചെലവുകൾ (പ്രൊജക്ട് നം. 738/24). | 267161 |
| | ആകെ | 2194944 |

പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 2194944 തടസ്സപ്പെടുത്തുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനകം രേഖകൾ ഹാജരാക്കാത്ത പ്ര പ്രസ്തുത രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ എത്തിച്ചേരുന്നതും ചെലവു ( നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതുമാണ്. (1997 ലെ കേ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12)

## 1-41 തുല്യത പരീക്ഷയ്ക്ക് ധനസഹായം-രേഖകളുടെ അഭാവത്തിൽ 27570 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി പേരും നമ്പറും | തുല്യത പരീക്ഷയ്ക്ക് ധനസഹായം (പ്രൊജക്ട് നം. 664/24) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ 100000 | 50000 (തനതു ഫണ്ട്) വികസന ഫണ്ട് (ജനറൽ) 50000 |
| ചെലവ് | 27570<br>(ചെക്ക് നം. 001058/02.04.2024) |

ഹയർ സെക്കഡറി തുല്യത പരീക്ഷയുടെ രജിസ്ട്രേഷനും നടത്തിപ്പിനുമായി 27570 രൂപ സാക്ഷ
മിഷന് നല്കിയിട്ടുണ്ട്. ഹയർ സെക്കൻഡറി തുല്യത പരീക്ഷയ്ക്ക് അപേക്ഷിച്ച 8 പേർക്കാണ് 27570
ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾ കോഴ്സ് രജിസ്റ്റർ ചെയ്തതിന്റെ വിവരമോ, ഹാൾടിക്ക
ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ വിവരം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓ
എൻക്വയറിയ്ക്ക് (Audit Enquiry No.10/24.01.25) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്
ചെലവു തുക 27570 രൂപ തടസ്സപ്പെടുത്തുന്നു. ഖണ്ഡികയിൽ പറയുന്ന അപാകതകൾ പരിഹ
വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-42 അമ്മാട്ടികുന്ന് കുടിവെള്ള പദ്ധതിയ്ക്ക് നിലവിൽ ചോർച്ചയുള്ള ടാങ്ക് മാ പുതിയ ടാങ്ക് വയ്ക്കൽ-കാട്ടേഷൻ നടപടി സ്വീകരിച്ചില്ല

| | |
|---|---|
| പദ്ധതി പേരും നമ്പറും | അമ്മാട്ടികുന്ന് കുടിവെള്ള പദ്ധതിയ്ക്ക് നിലവിൽ ചോർച്ചയുള്ള ടാങ്ക് മാറ്റി പുതിയ ടാങ്ക് വയ്ക്കുക. (പ്രൊജക്ട് നം. 829/24) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 50000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 48850<br>(22301861/22.01.24) |

അമ്മാട്ടികുന്ന് കുടിവെള്ള പദ്ധതിയ്ക്കു വേണ്ടി നിലവിൽ ചോർച്ചയുള്ള ടാങ്ക് മാറ്റി പുതിയ
വയ്ക്കുന്നതിനു വേണ്ടി മലപ്പുറത്തുള്ള ARTCO വിൽ നിന്നും ഇൻവോയ്സ് നം. MPM-24/11.07.23 പ്രക
എല്ലാ നികുതികളും അടക്കം 48850 രൂപയ്ക്ക് 5000/ലിറ്ററിന്റെ 3 ലെയർ വാട്ടർ ടാങ്ക് വാങ്ങിയിട്ട
സർക്കാർ ഉത്തരവ് നം. (ആർ.ടി)20/2023/എസ്.പി.ഡി/തിയ്യതി 24.02.23 പ്രകാരം ARTCOവിൽ നി
വാട്ടർ ടാങ്ക് വാങ്ങാൻ അനുമതിയില്ല. മേൽ ഉത്തരവ് പ്രൈസ് ലിസ്റ്റിൽ വാട്ടർ ടാങ്കി

സ്പെസിഫിക്കേഷനും വിലയും ഇല്ല.

ജി.ഒ(പി)നം. 259/2010/ത.സ്വ.ഭ.വ. തിയ്യതി 08.11.2010 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങ
സേവനങ്ങളും സമാഹരിക്കാനുള്ള മാർഗ്ഗ രേഖ പ്രകാരം 5000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ
ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു.

സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ടാങ്ക് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടത
എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് **(Audit Enquiry No. 11/24.01.2025)** മറു
ലഭിച്ചിട്ടില്ല. എന്നാൽ കുടിവെള്ള ക്ഷാമം രൂക്ഷമായതിനാലും ടെണ്ടർ നടപടികളിലൂടെ
വാങ്ങുകയാണെങ്കിൽ കാലതാമസം നേരിടാൻ സാദ്ധ്യതയുള്ളതിനാലുമാണ് സർക്കാർ അക്രഡി
ഏജൻസിയായ ARTCO-വിൽ നിന്നും സാധനങ്ങൾ വാങ്ങിയതെന്ന് നിർവ്വഹണോദ്യോഗസ
അറിയിച്ചു. തുടർ വർഷങ്ങളിൽ സാധനങ്ങൾ/സാമഗ്രികൾ സമാഹരിക്കുമ്പോൾ സർക
ഉത്തരവുകൾ കർശനമായി പാലിക്കുമെന്നും അറിയിച്ചു. വാങ്ങൽ നടപടി
അവലംബിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ്.

## <u>1-43 ടെണ്ടർ/ക്വട്ടേഷൻ നടപടി സ്വീകരിക്കാതെ ARTCO വിൽ നിന്നും സാധനങ്ങൾ വാങ്ങി</u>

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾക്ക് ടെണ്ടർ/ക്വട്ടേഷൻ നട
സ്വീകരിക്കാതെ ARTCO വിൽ നിന്നും സാധനങ്ങൾ വാങ്ങി

| ക്രമ നമ്പർ | പദ്ധതി പേരും നമ്പറും | അടങ്കൽ | ചെലവ് | ചെലവു വിവരം |
|---|---|---|---|---|
| 1 | ക്രേറ്റുകൾ വാങ്ങൽ-DWCS പ്ലാന്റിലേക്കും ഹരിതകർമ്മസേനയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കു | 27423 ധനകാര്യ കമ്മീഷൻ അവാർഡ് | 27,423 (22301859/ 22.01.24) | Invoice No. MPM-89/20.12.23 പ്രകാരം 40 ക്രേറ്റുകൾ എല്ലാ നികുതികളും |

| | | | | |
|---|---|---|---|---|
| | മായി ക്രേറ്റുകൾ വാങ്ങൽ (പ്രൊജക്ട് നം. 827/24) | | | അടക്കം 27423 രൂപയ്ക്ക് വാങ്ങൽ |
| 2 | ശുചീകരണ പ്രവർത്തനങ്ങൾക്ക് ചാക്ക് വാങ്ങൽ (പ്രൊജക്ട് നം. 825/24) | 300000 ധനകാര്യ കമ്മീഷൻ അവാർഡ് | 1,03,368 (22301859/ 22.01.2024) | Invoice No. MPM-129/27.10 23പ്രകാരം 6000 ചാക്കുകൾ എല്ലാ നികുതികളും അടക്കം 103368 രൂപയ്ക്ക് വാങ്ങൽ |
| 3 | അംഗൻവാടികൾക്ക് ഫൈബർ ചെയർ വാങ്ങൽ (പ്രൊജക്ട് നം. 657/24) | 13098 വികസന ഫണ്ട് -ജനറൽ | 13,098 (22301648/ 14.03.24) | Invoice No. MPM-85/ 20.12.2022 പ്രകാരം 20 Armless Chair (Nilkamal) എല്ലാ നികുതികളും അടക്കം 13098 രൂപയ്ക്ക് വാങ്ങൽ |
| 4 | കൈമാറ്റ കട സജ്ജമാക്കൽ-സ്വാപ്പ് ഷോപ്പ്- (പ്രൊജക്ട് നം. 382/24) | 227592/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 81,597 (251202601/ 21.06.24 ) | കൈമാറ്റ കട സജ്ജമാക്കൽ പദ്ധതിയുടെ ഭാഗമായി സ്വാപ്പ് ഷോപ്പിലേക്ക് ലൂം വുഡൻ |

| | | | | | |
|---|---|---|---|---|---|
| | | | | | മെഷ്യൻ വാങ്ങുന്നതിന് മലപ്പുറത്തിൽ പ്രവർത്തിക്കുന്ന ARTCO-വിൽ നിന്നും 25.03.2023 തിയ്യതിയിലെ Invoice No. MPM446 പ്രകാരം എല്ലാ നികുതികളും അടക്കം 2 മെഷ്യൻ 81597 രൂപയ്ക്ക് വാങ്ങി |

G.O(Rt)No.20/2023/SPD Dated 24.02.2023 പ്രകാരം മേൽ പട്ടികയിൽ പറയുന്ന സാധനങ്ങൾ ARTCOയ പ്രൈസ് ലിസ്റ്റിൽ ഇല്ലാത്തതിനാൽ ആയവ ടെണ്ടർ നടപടികളിലൂടെ വാങ്ങേണ്ടതായിരുന്നു. ഒ സാധനങ്ങൾ ടെണ്ടർ/ക്വട്ടേഷൻ വിളിക്കാതെ ARTCO വിൽ നിന്നും വാങ്ങുന്നതിന് ഉത്ത ഉണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓ എൻക്വയറിയ്ക്ക് (Audit Enquiry No. 13 Dated 25.01.2025 & Audit Enquiry No. 38 Dated 28.01.2025) മേൽ പട്ടികയ പറയുന്ന സാധനങ്ങൾ അത്യാവശ്യമായതിനാലും, ടെണ്ടർ നടപടികൾ മുഖേന വാങ്ങുമ്പ കാലതാമസം വരുമെന്നതിനാലും ആണ് അക്രഡിറ്റഡ് ഏജൻസിയായ ARTCOവിൽ നി സാധനങ്ങൾ വാങ്ങിയതെന്നും തുടർ വർഷങ്ങളിൽ ടെണ്ടർ/ക്വട്ടേഷൻ നടപടികളിലൂടെ മാത്ര സാധനങ്ങൾ വാങ്ങുകയുള്ളൂവെന്നും നിർവ്വഹണോദ്യോഗസ്ഥൻ വാക്കാൽ അറിയിച്ചു. ത സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കു ജി.ഒ(പി)നം.259/2010/തസ്വഭവ, തീയതി.08.11.2010 പ്രകാരമായിരിക്കണം.

പ്രൊക്യൂർ കമ്മിറ്റി മിനിറ്റ്സോ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരമോ ഫയല നിന്നും ലഭ്യമല്ല. ആയതുംകൂടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-44 വജ്രജൂബിലി-കലാകാരൻമാർക്ക് ഫെലോഷിപ്പ്-രേഖകളുടെ അഭാവത്തി 412500 രൂപ തടസ്സപ്പെടുത്തുന്നു**

സ.ഉ. (കൈ)നം.115/2022/ത.സ്വ.ഭ.വ. തിയ്യതി 28.05.2022 ഖണ്ഡിക 7.7.9 പ്രകാരം സംസ്ഥ സർക്കാരിന്റെ വജ്ര ജൂബിലി ഫെലോഷിപ്പ് നേടുന്ന കലാകാരൻമാർക്ക് പ്രതിമാസം സംസ്ഥ സർക്കാർ നല്കുന്ന ഓണറേറിയത്തിനു പുറമെ ഓരോരുത്തർക്കും 7500 രൂപ കൂടി മാസംതോ ഓണറേറിയമായി നല്കാവുന്നതാണ്. താഴെപ്പറയുന്ന പട്ടിക പ്രകാരം 2023-24 സാമ്പത്തിക വർ വിവിധ മേഖലയിൽ പ്രാവീണ്യമുള്ള കലാകാരൻമാർക്ക് 412500 രൂപ ധനസഹായം നല്കിയിട്ടു പദ്ധതിയുടെ വിവരങ്ങൾ താഴെ നല്കുന്നു.

| | |
|---|---|
| പദ്ധതി പേരും നമ്പറും | വജ്രജൂബിലി-കലാകാരൻമാർക്ക് ഫെലോഷിപ്പ് (പ്രൊജക്ട് നം. 16/24) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 700000 (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 157500 (22301026/16.08.23)<br>45000 (22301083/29.11.23)<br>52500 (22301544/16.01.24)<br>52500 (22301544/16.01.24)<br>52500 (22301606/23.02.24)<br>52500 (22301622/05.03.24)<br>412500 |

പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ നല്കുന്നു.

1. സ.ഉ(കൈ)നം. 30/2019ത.സ്വ.ഭ.വ. തിയ്യതി 06.03.2019 ഖണ്ഡിക 4 പ്രകാരം കലാവാ
പ്രോത്സാഹിപ്പിക്കുന്നതിനായി വാർഡ് തല സമിതിയും നഗരസഭതല സമിതിയും രൂപീകരിക്ക
ഇത്തരം സമിതികൾ രൂപീകരിച്ചതായ വിവരങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല.

2. മേൽ ഉത്തരവ് ഖണ്ഡിക 10 (എ) നഗരസഭ., വാർഡ്തല സമിതി പരിശീലന കേന്ദ്രങ്ങളുമ
ബന്ധപ്പെട്ട കലാ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനം അവലോകനം ചെയ്യണ
പറയുന്നുണ്ട്. എന്നാൽ അവലോകന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

3. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ ഉത്തരവിൽ കലാകാരൻമാർക്ക് 2023 ആഗസ്റ്റ് മാസ
ഓണറേറിയം നല്കുന്നതിനുള്ള അനുമതിയാണ് നല്കിയിട്ടുള്ളത്. മറ്റു മാസങ്ങളിൽ ധനസഹ
നല്കിയതിന് ജില്ലാ കോർഡിനേറ്ററുടെ റിപ്പോർട്ട് സാംസ്കാരിക വകുപ്പ് ഡയറക്ടർ അംഗീക
സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

4. ധനസഹായം ലഭിച്ച കലാകാരൻമാരിൽ ശ്രീ. മഹേഷ് എം. എം. (നാടൻ പാട്ട്) ശ്രീ. മണിക
(മിഴാവ്) എന്നീ കലാകാരൻമാർ 08/23ന് പരിശീലനാർത്ഥികൾക്ക് പരിശീലനം നല്കിയതതി
പ്രവർത്തന റിപ്പോർട്ട് മാത്രമാണ് ഓഡിറ്റിന് ലഭ്യമായത്. ധനസഹായം ലഭിച്ച മുഴു
കലാകാരൻമാരുടേയും മാസംതോറുമുള്ള പ്രവർത്തനം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയിക്ക് (
Enquiry No. 15 Dated 25.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവു
412500 രൂപ തടസ്സപ്പെടുത്തുന്നു. ഖണ്ഡികയിൽ പറയുന്ന അപാകതകൾ പരിഹരിച്ച് വി
ലഭ്യമാക്കേണ്ടതാണ്.

## 1-45 സ്വച്ഛ് ഭാരത് മിഷൻ അർബൻ റിംഗ് കംബോസ്റ്റ് - രേഖകളുടെ അഭാവത്തി ചെലവു തുക 2630000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി പേരും നമ്പറും | സ്വച്ഛ് ഭാരത് മിഷൻ അർബൻ റിംഗ് കംബോസ്റ്റ് വിതരണം (പ്രൊജക്ട് നം. 774/24) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 82000 ധനകാര്യ കമ്മീഷൻ അവാർഡ്<br>3295116 കേന്ദ്രാവിഷ്കൃത ഫണ്ട്<br>3377116 |
| ചെലവ് | 630000 (C122333404793/21.12.23)<br>700000 (C122333405877/21.12.23)<br>1300000 (C022461684410/23.02.24)<br>2630000 |

വടക്കാഞ്ചേരി നഗരസഭയുടെ 26.10.2023 തീയ്യതിയിൽ നടന്ന കൗൺസിലിന്റെ 34-ാം നമ്പർ തീരു പ്രകാരം സ്വച്ഛ് ഭാരത് മിഷൻ അർബൻ റിംഗ് കമ്പോസ്റ്റ് വിതരണം എന്ന പദ്ധതി ടെ നടപടികളിലൂടെ നടപ്പിലാക്കിയാൽ അത് കാലതാമസം ഉണ്ടാകുമെന്നും മേൽ സാഹചര്യത്ത സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായി സോഷ്യോ എക്കണോമിക്സ് യൂണിറ്റിൽ നിന്നും റിംഗ് ഒന 3500 രൂപ നിരക്കിൽ വാങ്ങാനും തീരുമാനിച്ചു. റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തുവെന്ന് പറയുന്ന പേരുടെ ലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കി. എന്നാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത നടപടി കൗൺസിൽ തീരുമാനമോ ലഭ്യമായിട്ടില്ല.

താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരമാണ് SEUF റിംഗ് കമ്പോസ്റ്റ് മുനിസിപ്പാലിറ്റിയ്ക്ക് വിതരണ ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | എണ്ണം | തുക |
|---|---|---|---|
| 01 | SEUF/TSR/INV/23-24/124/20.12.24 | 200x3500 | 700000 |
| 02 | SEUF/TSR/INV/23-24/126/10.01.24 | 200x3500 | 700000 |
| 03 | SEUF/TSR/INV/23-24/129/27.01.24 | 300x3500 | 1050000 |
| Total | | | 2450000 |

ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ നല്കുന്നു.

1. സുലേഖ ചെലവു പത്രിക പ്രകാരം 2630000 രൂപ ചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്ന എന്നാൽ മേൽ കാണുന്ന ഇൻവോയ്സ് പ്രകാരം 2450000 രൂപയുടെ റിംഗ് കമ്പോസ്റ്റ് മാത്രമാണ് ; വിതരണം ചെയ്തത്.

2. സർക്കാർ ഉത്തരവ് (കൈ)നം. 115/2022/തസ്വഭവ തിയ്യതി 28.05.2022 ശുചിത്വ മാലിന്യ സംസ്കര (ഖണ്ഡിക 6.8.1) 10% ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾ നല്കേണ്ടതാണ്. ഗുണഭോം വിഹിതം ഗുണഭോക്താക്കൾ മുനിസിപ്പാലിറ്റിയിൽ അടവാക്കിയതായി ബന്ധപ്പെട്ട സെക അറിയിച്ചു. എന്നാൽ ആയതിന്റെ രശീതികൾ, എത്രതുക അടവാക്കിയെന്നുള്ള വിവരം ഓഡി ലഭ്യമാക്കിയിട്ടില്ല.

3. മേൽ ഉത്തരവിലെ അനുബന്ധം 3 (2-5) പ്രകാരമുള്ള സ്പെസിഫിക്കേഷനോടുകൂടിയ റ കമ്പോസ്റ്റാണ് SEUF ഗുണഭോക്താക്കൾക്ക് വേണ്ടി നിർമ്മിച്ച് വിതരണം ചെയ്തതെന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻകചയറി (Audit Enquiry No. 43 Dated 29.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവു ( 2630000 രൂപ തടസ്സപ്പെടുത്തുന്നു. ഖണ്ഡികയിൽ പറയുന്ന അപാകതകൾ പരിഹരിച്ച് വി( ലഭ്യമാക്കേണ്ടതാണ്.

## 1-46 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി-പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല.

| | |
|---|---|
| പദ്ധതി പേരും നമ്പറും | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി<br>(പ്രൊജക്ട് നം. 303/24) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 8000000<br>(വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് | 500000 (22301686/21.03.2023) |

| | |
|---|---|
| | 500000 (22301683/29.03.2023)<br>1000000 |

താഴെപ്പറയുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | തുക |
|---|---|---|
| 01 | ദിനീഷ് പാറങ്ങാട്ടിൽ,<br>S/O വിനീത | 100000 |
| 02 | ശ്രീലക്ഷ്മി,<br>D/O ശിവൻ വാഴയിൽ രാമൻ | 100000 |
| 03 | ഷിമൽ മുള്ളക്കാട്ടുവളപ്പിൽ,<br>S/O ഷിബി മണികണ്ഠൻ | 100000 |
| 04 | അഭിഷേക് കെ. വി.,<br>S/O വത്സല വിജേഷ് | 100000 |
| 05 | അർഷിത താഴെകോണത്ത് വീട്,<br>D/O ജയേഷ് ടി. ജെ. | 100000 |
| 06 | സജ്ജയ് കൃഷ്ണൻ മൂരിയൻ വീട്,<br>S/O സ്മിത പി. കെ. | 100000 |
| 07 | അർച്ചന ഇയ്യാനിക്കാട്ടിൽ വീട്,<br>D/O ബാലകൃഷ്ണൻ | 100000 |
| 08 | അനാമിക പി.,<br>D/O ശ്രീലേഖ | 100000 |
| 09 | ആവനി,<br>D/O ശ്രീകുമാർ | 100000 |

| | | |
|---|---|---|
| 10 | ഇന്ദു ആർ.,<br>D/O ബിന്ദു കേളത്തു പറമ്പിൽ | 100000 |
| | ആകെ | 1000000 |

വിദ്യാർത്ഥികൾ പഠന മുറി പൂർത്തീകരിച്ചതായി ഫയലിൽ നിന്നും വ്യക്തമല്ല. പഠനമ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ/നിലവിലെ അവസ്ഥ ഓഡിറ്റിനെ അറിയിക്കേണ്ടത എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻകിയറിയ്ക്ക് (Audit Enquiry No.37 Dated 29.01.2025) മറു ലഭ്യമാക്കിയിട്ടില്ല. പഠനമുറി നിർമ്മാണത്തിന് തുടർ ധനസഹായം നല്കിയിട്ടുണ്ടെങ്കിൽ ആയതിറ വിവരവും പഠനമുറി പൂർത്തിയാക്കിയതിന്റേയും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-47 PMAY-നിരീക്ഷണങ്ങൾ

ഭവന നിർമ്മാണ പദ്ധതി പരിശോധനയിൽ കണ്ട പൊതു നിരീക്ഷണങ്ങൾ താഴെ നല്കുന്നു.

2016-17 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയിൽ ഇതുവരെ 2121 (പൊതു-പട്ടികജാതി വിഭ അടക്കം) ഗുണഭോക്താക്കൾ ഭവന നിർമ്മാണ ധനസഹായത്തിനായി അപേക്ഷിക്കുകയും ഗുണഭോക്താക്കൾക്ക് ധനസഹായം നല്കുകയും ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന പട്ടികയിൽ ഭ നിർമ്മാണതിന്റെ പുരോഗതി വിശദമാക്കുന്നു.

| ക്രമ നമ്പർ | DPR നമ്പർ | സാമ്പത്തിക വർഷം | അപേക്ഷിച്ച ഗുണഭോക്താക്കൾ | അപ്രൂവ് ലഭിച്ച ഗുണഭോക്താക്കൾ | റിവിഷന് ശേഷമുള്ള ഗുണഭോക്താക്കൾ | ധനസഹായം ലഭിച്ചവർ | വീടു പണി പൂർത്തി യാക്കിയവർ | വീടുപ പൂർത്ത ക്കാത്ത |
|---|---|---|---|---|---|---|---|---|
| 01 | 1 | 2016-17 | 659 | 553 | 551 | 551 | 494 | 57 |
| 02 | 2 | 2017-18 | 580 | 360 | 358 | 358 | 308 | 50 |
| 03 | 3 | 2017-18 | 245 | 189 | 186 | 186 | 159 | 27 |
| 04 | 4 | 2018-19 | 324 | 250 | 246 | 246 | 193 | 53 |
| 05 | 5 | 2021-22 | 71 | 71 | 46 | 46 | 16 | 30 |
| 06 | 6 | 2021-22 | 165 | 140 | 140 | 101 | 39 | 62 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 07 | 7 | 2022-23 | 5 | 5 | 5 | 4 | 2 | 2 |
| 08 | 8 | 2023-24 | 54 | 48 | 48 | 22 | 0 | 22 |
| 09 | 9 | 2023-24 | 18 | 18 | 18 | 14 | 0 | 14 |
| ആകെ | | | 2121 | 1634 | 1598 | 1528 | 1211 | 317 |

317 ഗുണഭോക്താക്കളിൽ 277 പേർ (317-40 = 277 പേർ വീടുപണി പൂർത്തിയാക്കാത്തവർ) വീടു പ പൂർത്തിയാക്കിയിട്ടില്ല. 317 ഗുണഭോക്താക്കളിൽ 40 (പൊതുവിഭാഗം 25, പട്ടികജാതി വിഭാഗ പേർ ഒന്നും രണ്ടും ഗഡുക്കൾ വാങ്ങി പാതിവഴിയിൽ ഭവന നിർമ്മാണം ഉപേക്ഷിച്ചതാ കാണുന്നു. ഭവന നിർമ്മാണം പൂർത്തിയാക്കാത്ത 277 ഗുണഭോക്താക്കൾക്ക് പണിപൂർത്തിയാക വേണ്ടനടപടി മുനിസിപ്പാലിറ്റി സ്വീകരിക്കുമെന്നും ഗഡുക്കൾ വാങ്ങി പാതിവഴിയിൽ ഭ നിർമ്മാണം ഉപേക്ഷിച്ചവർക്ക് എതിരെ നിയമപരമായും റവന്യൂ റിക്കവറി അടക്കമുള്ള നടപടി സ്വീകരിച്ചു വരുന്നതായും നിർവ്വഹണോദ്യോഗസ്ഥൻ അറിയിക്കുയുണ്ടായി. തുടർ നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-48 ശുചിത്വ പൂർണ്ണ-ഹരിത കർമ്മസേനയ്ക്ക് ജീവൻ രക്ഷാ ഉപകരണങ്ങൾ വാങ്ങൽ-ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.

| | |
|---|---|
| പദ്ധതി പേരും നമ്പറും | ശുചിത്വ പൂർണ്ണ-ഹരിത കർമ്മസേനയ്ക്ക് ജീവൻ രക്ഷാ ഉപകരണങ്ങൾ വാങ്ങൽ (പ്രൊജക്ട് നം. 311/24) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 300000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 171300 (22301856/18.01.24 ) |

ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 28.04.2023 ലെ 18-ാം നമ്പർ തീരുമാന പ്രകാരം ജീവൻ രം സാധനങ്ങൾ മുണ്ടത്തിക്കോടിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമായ തൃവേ സൂപ്പർമാർക്കറ്റിൽ നിന്നും വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇൻവോയ്സ് നം. 750/10/1237/20.05.23 പ്രക 171300 രൂപയുടെ സേഫ്റ്റി ജാക്കറ്റ്, റബർ ഷൂ തുടങ്ങിയ സാധനങ്ങൾ തൃവേണി സൂപ്പർമാർക്ക നിന്നും വാങ്ങിയിട്ടുണ്ട്. മേൽ ഉപകരണങ്ങൾ ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചു വാങ്ങേണ്ടതായിരു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സാമഹരിക്കുന്നതിന മാർഗ്ഗരേഖ [ജി.ഒ(പി)നം.259/2010/തസ്വഭവ, തീയ്യതി 08.11.2010] പ്രകാരം 100000 രൂപയിൽ കൂടു അടങ്കലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടത്തേണ്ടതാണ്. മേൽ നടപടികൾ സ്വീകരിക്കാ ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് ന ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി (Audit Enquiry No.12 Dated 24.01.2025) ഹരിത കർമ്മസേന മേൽ സാധന സാമഗ്രികൾ അത്യാവശ്യമായതിനാലും ടെണ്ടർ നടപടികൾ പാലിച്ചാൽ കാലതാമ നേരിടും എന്നതിനാലുമാണ് സർക്കാർ സ്ഥാപനമായ തൃവേണി സൂപ്പർ മാർക്കറ്റിൽ നി വാങ്ങിയതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ വാക്കാൽ അറിയിച്ചു. തുടർ വർഷങ്ങളിൽ സാ സാമഗ്രികൾ വാങ്ങുമ്പോൾ സർക്കാർ ഉത്തരവ് കർശ്ശനമായി പാലിക്കുമെന്നും അറിയിച്ചു. സാ സാമഗ്രികൾ വാങ്ങുമ്പോൾ സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-49 കേരളോത്സവം-അധികമായി നല്കിയ 87488 രൂപ തടസ്സപ്പെടുത്തുന്നു

2023 നവംബർ മാസം 19 മുതൽ 26 വരെ തൃപ്രയാറിൽ വച്ച് നടന്ന കേരളോത്സവത്തിന്റെ പ പരിശോധനയുടെ വിവരങ്ങൾ താഴെ നല്കുന്നു.

| | |
|---|---|
| പദ്ധതി പേരും നമ്പറും | കേരളോത്സവം (പ്രൊജക്ട് നം. 370/24) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 200000 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 200000 (22300997/30.06.2023) |

15.06.2023 തീയ്യതിയിലെ 10-ാം നമ്പർ തീരുമാനത്തിൽ കേരളോത്സവം നടത്തിപ്പാനായി ജൂനി ഹെൽത്ത് ഓഫീസർ ശ്രീ. കെ. രാജീവന് 250000 രൂപ അനുവദിച്ചിട്ടുള്ളതാണെന്നും പരിപാടിയ ആകെ ചെലവ് 337488 രൂപ ആയതിനാൽ തുക ക്രമീകരിക്കുന്നതിനും അധികമായി ചെലവു ( 87488 രൂപ അനുവദിക്കാനും തീരുമാനിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 22300332/11.07.23 വൗ പ്രകാരം ശ്രീ. കെ. രാജീവിന് 87488 രൂപ നല്കിയിട്ടുണ്ട്.

പദ്ധതി പരിശോധനയിൽ കണ്ട അപാകതകൾ താഴെ നല്കുന്നു.

1. 26.08.2023 തിയ്യതിയിലെ സ.ഉ.(സാധാ) നം.1753/2023/LSGD പ്രകാരം മുനിസിപ്പാലിറ്റികൾ കേരളോത്സവത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക 200000 രൂപയാണ്. എന്നാൽ 337488 ചെലവഴിച്ചതായാണ് ഓഫീസ് നോട്ട്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സുലേഖ പത്രിക പ്രക ആകെ ചെലവ് 200000 രൂപയാണ്. 200097 രൂപയുടെ വൗച്ചറുകൾ മാത്രമാണ് നിർവ്വഹണോദ്യോഗസ്ഥ പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

2. സുലേഖ ചെലവ് പത്രിക പ്രകാരം അടങ്കലും ചെലവും രേഖപ്പെടുത്തിയിരിക്കുന്നത് 20 രൂപയാണ്. എന്നാൽ ഫയൽ പ്രകാരം മുൻകൂറായി 250000 രൂപ നൽകിയതാ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2 ലക്ഷം രൂപയുടെ വൗച്ചർ മാത്രമാണ് ലഭ്യമാക്കിയത്. ക്യാഷ് ബ പ്രകാരം 87488 രൂപ (22300332/11.07.23) നല്കിയിട്ടുണ്ട്. 87488 രൂപ സുലേഖ ചെലവ് പത്രികയ രേഖപ്പെടുത്താത്തിന് വിശദീകരണം നല്കേണ്ടതാണ്. നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക വൗച്ചറുകളും ഓഫീസ് നോട്ട്സ് പറയുന്ന ചെലവും തമ്മിൽ പൊരുത്തകേടുകൾ ഉള്ളതിന കേരളോത്സവത്തിന് ആകെ ചെലവഴിച്ച തുക എത്രയെന്ന് പരിശോധിക്കാൻ സാധിച്ചി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കി ഓഡിറ്റ് എൻകയറിയ്ക്ക് (എൻക നം. 6/24.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ശ്രീ. കെ. രാജീവൻ, ജൂനിയർ ഹെൽത്ത് ഓഫീസ ഉത്തരവിന് വിരുദ്ധമായി അധികം നല്കിയ 87488 രൂപ തടസ്സപ്പെടുത്തുന്നു. ഖണ്ഡികയിൽ പറ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-50 ക്യാൻ തൃശ്ശൂർ-ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

| | |
|---|---|
| പദ്ധതി പേരും നമ്പറും | ക്യാൻ തൃശ്ശൂർ (പ്രൊജക്ട് നം. 13/24) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 500000 (തനതു ഫണ്ട്) |
| ചെലവ് (348576/-) | 43750 &41389 (Vr.No.22301981/14.03.24)<br>45120 & 21317 (Cheque No.001064/03.04.24<br>197000 (Cheque No. 001058/02.04.24) |

348576 രൂപ ക്യാൻ പദ്ധതി നടപ്പിലാക്കുന്നതിനായി തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് നല്കിയിട്ടു
43750 & 41389 (Vr.No.22301981/14.03.24) രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് മെഡിക
ഓഫീസറിൽ (ഇൻ ചാർജ്ജ്, പ്രൈമറി ഹെൽത്ത് സെന്റർ, മുണ്ടത്തികോട്) നിന്നും ലഭി
അവശേഷിക്കുന്ന 263437 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാ

## 1-51 ഐ.കെ.എം വിഹിതം നല്കൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

| | |
|---|---|
| പദ്ധതി പേരും നമ്പറും | ഐ. കെ. എം വിഹിതം നല്കൽ.<br>(പ്രൊജക്ട് നം. 2/24) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 500076 (വികസന ഫണ്ട് - ജനറൽ) |
| | |

| | |
|---|---|
| ചെലവ് | 500076 (22300965/13.06.2023) |

മേൽ പട്ടികയിൽ കൊടുത്ത പ്രകാരം 500076 രൂപ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേ കേരള മിഷന് നല്കിയിട്ടുണ്ട്. എന്നാൽ ഐ.കെ.എമ്മിൽ നിന്നും ധനവിനിയോഗ സാക്ഷ്യപ ലഭിച്ചതായി കാണുന്നില്ല. ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടത എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (Audit Enquiry No. 8 Dated 24.01.2 മറുപടി ലഭ്യമാക്കിയിട്ടില്ല. ഐ.കെ.എമ്മിൽ നിന്നും ധനവിനിയോഗ സാക്ഷ്യപ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-52 സ്വാപ്പ് ഷോപ്പ്-കൈമാറ്റ കട പ്രവർത്തനം അഭിനന്ദനാർഹം

വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ “കുമ്മായി ചിറയിൽ” പ്രവർത്തിക്കുന്ന “നവകാന്തി” സ ഷോപ്പിന്റെ പ്രവർത്തനം ശ്ലാഘനീയമാണ്. 21.01.2025 തിയ്യതിയിൽ നടന്ന ഭൗതിക പരിശോധന കടയുടെ പ്രവർത്തനം നേരിട്ട് കാണുകയുണ്ടായി. ഹരിത കർമ്മസേന പ്രവർത്തകർ വീടുക നിന്നും ശേഖരിക്കുന്ന തുണികളും സ്വാപ്പ് ഷോപ്പിൽ നേരിട്ടു ലഭ്യമാകുന്ന തുണികളും ഉപയോ മേന്മയേറിയ ചവിട്ടികളും മെത്തകളും നിർമ്മിച്ച് ന്യായമായ വിലയ്ക്ക് ആവശ്യക്കാർക്ക് വിതര ചെയ്യുന്നതായി കാണുകയുണ്ടായി. ഉപയോഗയോഗ്യമായ തുണികൾ ഡ്രൈ ക്ലീൻ ( സൗജന്യമായും നാമമാത്രമായ വിലയ്ക്കും ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നുണ്ട്. നിലവി ജീവനക്കാരാണ് കൈമാറ്റ കടയിൽ ഉള്ളത്. 2023-24 സാമ്പത്തിക വർഷം ARTCOയിൽ നിന്നും ച നിർമ്മാണത്തിനാവശ്യത്തിനായി 81,597 രൂപയുടെ 2 ലൂം മെഷീനുകൾ വാങ്ങിയിട്ടുണ്ട്. ഉപയോഗിച്ചാണ് ചവിട്ടികൾ നിർമ്മിക്കുന്നത്. ഹരിത കർമ്മസേന ശേഖരിച്ച് തരുന്ന തുണി ഉപയോഗിച്ച് മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാനുള്ള നടപടികൾ സ്വീകര വരുന്നുണ്ട്. തുടർ പ്രവർത്തനങ്ങൾക്ക് മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും പ്രോത്സാഹനപര നടപടികൾ ഉറപ്പു വരുത്തേണ്ടതാണ്.

## 1-53 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി - കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകൾ/ഉപകരണങ്ങൾ മുഴുവനും ലഭ്യമായിട്ടില്ല

### 1) പ്രൊജക്ട് നം.- 784/24, പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി

| പ്രൊജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 784/24, **പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി** | ₹2400000 (ഹെൽത്ത് ഗ്രാന്റ്) | ₹1378423 (ഹെൽത്ത് ഗ്രാന്റ്) |

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ **പെയിൻ ആ പാലിയേറ്റീവ് കെയർ പദ്ധതി** പ്രകാരം 2023-24 ൽ 1378423 രൂപ ചെലവഴിച്ചതിൽ 382101 രൂപ മ ലഭ്യമാക്കുന്നതിനും, മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനും വേണ്ടി മുൻകൂറ കെ.എം.എസ്.സി.എൽ-ന്റെ അക്കൗണ്ടിലേക്ക് (നം.3624005700000027, പി.എൻ.ബി) ട്രാൻ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ കെ.എം.സി.എല്ലിൽ നിന്നും മുഴുവൻ മരുന്നുകളും മെഡിക ഉപകരണങ്ങളും ലഭ്യമായിട്ടില്ല. മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമായതിന്റെ വിശദാംശ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെ.എം.എസ് സി.എല്ലിന് നൽകിയ തുക | ലഭിച്ച മരുന്നിന്റെ വില | ഇൻവോയ്സ് നമ്പർ/ തീയതി | ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ/ ഉപകരണ ങ്ങളുടെ തുക |
|---|---|---|---|---|
| 1 | ₹319694 (Proforma Invoice No.PRF4058/ 14.02.2024) | ₹189754 | 15114/21.06.2024- ₹75144, 50977/15.10.2024- ₹55314, 53820/22.11.2024- ₹457, 48682/18.09.2024- ₹1411, 15109/21.06.2024- ₹39038, | ₹129940 |

| | | | | |
|---|---|---|---|---|
| | | | 50146/07.10.2024-₹7442, 15109/21.06.2024-₹7986, 23660/11.07.2024-₹2962, | |
| 2 | 62407 (Proforma Invoice No.PRF4572/ 29.02.2024) | ₹27671 | 15100/21.06.2024-₹4287, 47964/11.09.2024-₹5313, 51621/22.10.2024-₹8573, 53157/18.11.2024-₹1702, 53230/18.11.2024-₹2760, 52640/12.11.2024-₹5036 | ₹34736 |
| ആകെ | 382101 | 217425 | | 164676 |

**2) പ്രൊജക്ട് നം.- 391/24, പെയിൻ ആന്റ് പാലിയേറ്റീവ് വിഹിതം (സ്പിൽ ഓവർ)**

| പ്രൊജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 391/24, **പെയിൻ ആന്റ് പാലിയേറ്റീവ് വിഹിതം** (SO) | 394943 (163718-വികസന ഫണ്ട്-ജനറൽ, 231225-മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) | 394943 (163718-വികസന ഫണ്ട്-ജനറൽ, 231225-മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |

**പെയിൻ ആന്റ് പാലിയേറ്റീവ് കെയർ വിഹിതം** എന്ന പദ്ധതി പ്രകാരം 2023-24 ₹39
ചെലവഴിച്ചതിൽ ₹169344 മരുന്ന് വാങ്ങുന്നതിന് മുൻകൂറായി കെ.എം.എസ്.സി.എൽ-(

അക്കൗണ്ടിലേക്ക് (നം.3624005700000027, പി.എൻ.ബി) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്ന കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമായില്ല. ( നൽകിയതിന്റ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെ.എം.എസ്.സി.എല്ലിന് നൽകിയ തുക | Proforma Invoice No./Date, Amount |
|---|---|---|
| 1 | ₹69431 | PRF5385/16.03.2023, ₹69431 |
| 2 | 99913 | PRF5331/15.03.2023, ₹99913 |
| ആകെ | 169344 | |

**പ്രോജക്റ്റ് നം.784/24** പ്രകാരം നടപ്പിലാക്കിയ പദ്ധതി അനുസരിച്ച് KMSCLൽ നിന്നും 164676 രൂപയ ബാക്കി മരുന്നുകൾ കൂടി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

**പ്രോജക്റ്റ് നം.391/24** പ്രകാരം നടപ്പിലാക്കിയ പദ്ധതി അനുസരിച്ച് KMSCLൽ നിന്നും 169344 രൂപയ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

[മേൽ പറഞ്ഞവ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.28/27.01.2025) നൽകിയെങ്കിലും മറു ലഭ്യമാക്കിയില്ല.]

## 1-54 നടപടിക്രമങ്ങൾ പാലിക്കാതെ മെഡിക്കൽ ടെസ്റ്റ് കിറ്റുകൾ വാങ്ങി

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരേ രീതിയിലുള്ള 6 കിറ്റുകൾ വാങ്ങുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ചു ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പറും, പേരും | അടങ്കൽ(₹) | ചെലവ്(₹) |
|---|---|---|---|
| 1 | 787/24, മംഗലം സബ്സെന്ററിലേക്ക് 14 ഇന ടെസ്റ്റ് കാർഡ് വാങ്ങൽ | 200000 | 8184 |

| | | | |
|---|---|---|---|
| 2 | 780/24, പരുത്തിപ്ര സബ്സെന്ററിലേക്ക് 14 ഇന ടെസ്റ്റ് കാർഡ് വാങ്ങൽ | 200000 | 102617 |
| 3 | 781/24, കുമ്പളങ്ങാട് സബ്സെന്ററിലേക്ക് 14 ഇന ടെസ്റ്റ് കാർഡ് വാങ്ങൽ | 200000 | 108454 |
| 4 | 792/24, പെരിങ്ങണ്ടൂർ സബ്സെന്ററിലേക്ക് 14 ഇന ടെസ്റ്റ് കാർഡ് വാങ്ങൽ | 200000 | 112038 |
| 5 | 790/24, പുതുരുത്തി സബ്സെന്ററിലേക്ക് 14 ഇന ടെസ്റ്റ് കാർഡ് വാങ്ങൽ | 200000 | 112137 |
| 6 | 778/24, പാർളിക്കാട് സബ്സെന്ററിലേക്ക് 14 ഇന ടെസ്റ്റ് കാർഡ് വാങ്ങൽ | 200000 | 115856 |
| 7 | 789/24, കുറാഞ്ചേരി സബ്സെന്ററിലേക്ക് 14 ഇന ടെസ്റ്റ് കാർഡ് വാങ്ങൽ | 200000 | 118923 |
| 8 | 788/24, മുണ്ടത്തിക്കോട് സബ്സെന്ററിലേക്ക് 14 ഇന ടെസ്റ്റ് കാർഡ് വാങ്ങൽ | 200000 | 120456 |

മേൽ പറഞ്ഞ പ്രോജക്റ്റുകൾ ആവശ്യകത വിലയിരുത്തി ഒറ്റ പ്രോജക്റ്റായി നടപ്പിലാക്കുന്ന പകരം 8 പ്രോജക്റ്റായാണ് നടപ്പിലാക്കിയത്. ഒരേ സാധനങ്ങൾ വാങ്ങുന്നതിലേക്കായി വ്യ പ്രോജക്റ്റുകൾ നടപ്പിലാക്കിയത് സാധനങ്ങളും സേവനങ്ങളും സാമഹരിക്കുന്നതിന മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങ

സാമഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ [ജി.ഒ(പി)നം.259/2010/തസ്വഭവ, തീയതി.08.11.2010] പ്രക 100000രൂപയിൽ കൂടുതൽ അടങ്കലായുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടത്തേണ്ടത എന്നാൽ മേൽ പറഞ്ഞ പ്രേജക്റ്റുകൾ പ്രകാരം ഒരേ സാധനങ്ങൾ (Test Kits) 8 സ്ഥാപനങ്ങൾക്ക വിഭജിച്ച് വ്യത്യസ്ഥ ക്വട്ടേഷനുകൾ മുഖേന വാങ്ങലുകൾ നടത്തിയതു കാരണം മത്സരാധി ടെണ്ടർ നടപടികൾ നടപ്പായില്ല.

100000 രൂപയിൽ കൂടുതൽ അടങ്കലായുള്ള വാങ്ങലിന് ഓപ്പൺ ടെണ്ടർ ക്ഷണിക്കാതെ ക്വട്ടേ മുഖേന വാങ്ങിയത് കാരണം സമാഹരണത്തിനുള്ള ഏറ്റവും കാര്യക്ഷമമവും ലാഭകരവുമായ ര നടപ്പിലാക്കാതെപോയി. ആയതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുനൽകിയ ഓ എൻക്വയറിക്ക് (നം.17/25.01.2025) മറുപടിയായി അപാകതകൾ പരിചയക്കുറവ് കൊണ്ടാണെ അറിയിച്ചിട്ടുണ്ട്. ഇത്തരം അപകാത ഭാവിയിൽ വരാതിരിക്കാൻ ശ്രദ്ധിക്കുന്നതോടൊപ്പം ത സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൂടി കൃത്യമായി പാലിക്കേണ്ടതാണ്.

കേരള സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ Ge നിന്നും ലഭ്യമാകുന്ന സാധനങ്ങൾ (കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും ഒഴികെ) അവിടെ ന തന്നെ വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## 1-55 പാലിയേറ്റീവ് കെയർ- പദ്ധതി നടപ്പിലാക്കുന്നതിൽ മാർഗ്ഗരേഖ കൃത്യമാ പാലിക്കുന്നില്ല.

പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട മേൽ പറഞ്ഞ പദ്ധതി ആയതിന്റെ മാർഗ്ഗരേഖ [ (സാധാ)നം.553/2019/ത.സ്വ.ഭ.വ, തീയതി.07.03.2019] പ്രകാരമാണോ നടപ്പിലാക്കിയത് പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ഹോംകെയർ റിപ്പോർട്ട് രജിസ്റ്ററിൽ മാർഗ്ഗരേഖ ഖണ്ഡിക- 2.6.3 പ്രകാരമുള്ള ആവശ്യ വിവരങ്ങൾ/രേഖപ്പെടുത്തലുകൾ ഇല്ല.
2. ആഴ്ചയിൽ ഒരു പ്രാവശ്യം ഹോംകെയർ റിപ്പോർട്ട് ബുക്ക് കമ്മ്യൂണിറ്റി നഴ്സ് മെഡി ഓഫീസർക്ക് സമർപ്പിച്ച് ഹോംകെയറിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമായ സേവന

എന്തെല്ലാമാണെന്ന് വിശദീകരിച്ച് കൊടുത്ത്, സാക്ഷ്യപ്പെടുത്തി വാങ്ങണമെന്ന് മാർഗ
ഖണ്ഡിക- 2.6.4 ൽ നിർദേശിക്കുന്നുണ്ട്. എന്നാൽ അത്തരത്തിൽ ഹോംകെയർ റിപ്പോർട്ട് രജി
രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്ക ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തന വിലയിരുത്തേണ്ടതും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമ (മാർഗരേഖ ഖണ്ഡിക - 2.9.2). എന്നാൽ പിഎംസി മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ 2023 വർഷ തവണയും, 2024ൽ 2 തവണയും മാത്രമാണ് യോഗങ്ങൾ ചേർന്നിട്ടുള്ളത്. മാത്രമല്ല വരവ് ചെ കണക്കുകൾ അവതരിപ്പിച്ചതായോ തൊട്ടടുത്ത മാസങ്ങളിലെ പ്രവർത്തന രൂപരേഖ തയ്യാറാ അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

4. ദീർഘകാലത്തേക്ക് മരുന്നുകൾ കഴിക്കേണ്ടിവരുകയോ ദൈനംദിന കാര്യങ്ങൾക്ക് പരസഹാ ആവശ്യമായി വരുകയോ ഏതെങ്കിലും തരത്തിൽ ദീർഘകാലത്തെ പരിചരണം വേ വരുകയോ ചെയ്യുന്ന എല്ലാ രോഗികളെയും ആശ വർക്കർമാരുടെയും മറ്റ് സന്ന പ്രവർത്തകരുടെയും നേതൃത്വത്തിൽ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാ സൂക്ഷിച്ചിട്ടില്ല. (മാർഗരേഖ ഖണ്ഡിക – 2.2.1).

പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ടുള്ള പുതുക്കിയ മാർഗരേഖ പ്രകാരമുള്ള മേൽ പറ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡ എൻകയറി(18/25.01.2025) ക്ക് മറുപടിയായി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-56 ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയില്ല.

ഹെൽത്ത് ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച താഴെ പറയുന്ന സ്പിൽ ഓ
പദ്ധതികൾ 2022-23ലും, 2023-24ലും നടപ്പിലാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പറും, പേരും | അടങ്കൽ (₹) |
|---|---|---|
| 1 | 387/24- സർവ്വശുദ്ധി ഡിപിആർ ഗ്രീൻ പ്രോട്ടോകോൾ യൂട്ടിലിറ്റി | 750000<br>(CFC-1000, കേന്ദ്രാവിഷ്കൃത ഫണ്ട്-262500, സംസ്ഥാനാവിഷ്കൃത ഫണ്ട്-174750, മറ്റുള്ളവ-311750) |
| 2 | 389/24- സർവ്വശുദ്ധി ഡിപിആർ വീടുകളിലേക്ക് ബയോഗ്യാസ് പ്ലാന്റ് 1എം$^{3}$ | 2122930<br>(CFC-148830, കേന്ദ്രാവിഷ്കൃത ഫണ്ട്-945000, സംസ്ഥാനാവിഷ്കൃത ഫണ്ട്-629100, മറ്റുള്ളവ-400000) |
| 3 | 388/24- സർവ്വശുദ്ധി ഡിപിആർ വെർമി കംപോസ്റ്റ് | 368836<br>(കേന്ദ്രാവിഷ്കൃത ഫണ്ട്-172200, സംസ്ഥാനാവിഷ്കൃത ഫണ്ട്-114636, മറ്റുള്ളവ-82000) |

മേൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓ
എൻക്വയറിക്ക് (നം.32/28.01.2025) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമായ ഫണ്ടുകൾ ലാപ്സാകാതിരിക്
അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ അതാത് വർഷം തന്നെ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-57 NULM – അയൽക്കൂട്ടങ്ങളിൽ നിന്ന് തിരിച്ചു പിടിച്ച റിവോൾവിംഗ് ഫണ്ട് സംസ്ഥാന കുടുംബശ്രീ മിഷനിൽ ഒടുക്കു വരുത്തിയിട്ടില്ല

നഗരസഭയിലെ 2 സി.ഡി.എസുകളിൽ നിന്നായി അയൽക്കൂട്ടങ്ങൾക്ക് വർഷങ്ങളിൽഎൻ.യു.എൽ.എം പദ്ധതിയിലൂടെ 10000 രൂപ വിതം റിവോൾവിംഗ് ഫണ്ട് വിതര നടത്തിയിരുന്നതിൽ നിർജ്ജീവമായതും പുനരുജ്ജീവന സാധ്യതയില്ലാത്തതു അയൽക്കൂട്ടങ്ങളുടെ റിവോൾവിംഗ് ഫണ്ട് തിരികെ ലഭ്യമായത് സംസ്ഥാന കുടുംബശ്രീ മിഷന ഒടുക്കുവരുത്താതെ കുടംബശ്രീ CDS-NULM അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വിശദാംശ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അയൽക്കൂട്ടത്തിന്റെ പേര് | സി.ഡി.എസ് | ഡിവിഷൻ | അനുവദിച്ച റിവോൾവിംഗ് ഫണ്ട് | റിവോൾവിംഗ് ഫണ്ട് തിരികെ ബാങ്കിൽ തിരിച്ചടച്ച തീയതി | ബാങ്ക് അക്കൗണ്ട് വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | സുരക്ഷിത | CDS-1 | 19 | 10000 | 30/03/2024 | കനറ ബാങ്ക്, വടക്കാഞ്ചേര് ബ്രാഞ്ച്, അക്കൗണ്ട് നമ്പർ: 0723101065493 |
| 2 | കരുണ | CDS-1 | 21 | 10000 | 10/01/2024 | |
| 3 | തിളക്കം | CDS-1 | 13 | 10000 | 13/09/2023 | |
| 4 | ദർശന | CDS-1 | 7 | 10000 | 05/09/2023 | |
| 5 | സമ്പൂർണ്ണ | CDS-1 | 21 | 10000 | 27/07/2023 | |
| 6 | ഗോകുലം | CDS-1 | 6 | 10000 | 25/05/2023 | |
| 7 | രൂപശ്രീ | CDS-1 | 4 | 10000 | 27/07/2023 | |
| 8 | ഒരുമ | CDS-1 | 13 | 10000 | 25/04/2024 | |
| 9 | ദീപം | CDS-1 | 6 | 10000 | 05/06/2024 | |
| 10 | സ്നേഹ | CDS-2 | 3 | 10000 | 11/01/2023 | കനറ ബാങ്ക്, വടക്കാഞ്ചേര് ബ്രാഞ്ച്, അക്കൗണ്ട് |
| 11 | കൺമണി | CDS-2 | 40 | 10000 | 10/03/2023 | |

| | | | | | | |
|---|---|---|---|---|---|---|
| 12 | സ്നേഹാഞ്ജലി | CDS-2 | 1 | 10000 | 03/04/2024 | നമ്പർ: 0723101065581 |
| | | | ആകെ | 120000 | | |

മേൽ പറഞ്ഞ അയൽക്കൂട്ടങ്ങൾക്ക് നൽകിയ റിവോൾവിംഗ് ഫണ്ട് തിരികെ അടവാക്കാത്ത വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (53/30.01.2025) മറു ലഭ്യമാക്കിയില്ല. ആകയാൽ നിർജ്ജീവമായ അയൽക്കൂട്ടങ്ങളുടെ റിവോൾവിംഗ് ഫണ്ട് തിരി ലഭ്യമായത് സംസ്ഥാന കുടുംബശ്രീ മിഷനിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടത കൂടാതെ റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുള്ള ഇത്തരത്തിലുള്ള അയൽക്കൂട്ടങ്ങൾ ഉണ്ടെങ്കി ആയത് കണ്ടെത്തി തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-58 അർബൻ ഹെൽത്ത് വെൽനെസ് സെന്റർ-പദ്ധതിയുടെ നിർവ്വഹണത്തെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല.

| | |
|---|---|
| പദ്ധതി പേരും നമ്പറും | അർബൻ ഹെൽത്ത് വെൽനെസ് സെന്റർ (പ്രൊജക്ട് നം. 714/24) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 5000000 (15-ാം ധനകാര്യ കമ്മീഷൻ) |
| ചെലവ് | 2345918 PFMS-ID-C102315877954 Dated 10.10.2023 |
| ഫയൽ നം. | ഇ1/9129/23 |

മുനിസിപ്പാലിറ്റിയിലെ ഡിവിഷൻ 26, 24 ഉൾപ്പെടുന്ന മംഗലം വായനശാല കെട്ടിടവും, വാടകക എടുത്ത കെട്ടിടവും (ഡിവിഷൻ 26) വെൽനെസ് സെന്റർ ആക്കിമാറ്റുന്നതിന് അടിസ്ഥ സൗകര്യമൊരുക്കാൻ 15.06.23 തിയ്യതിയിലെ 20-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്ത

ARTCO വിനെ ചുമതലപ്പെടുത്തി. താഴെ നൽകിയിരിക്കുന്ന ഇൻവോയ്സുകൾ പ്രകാരം 2338
രൂപയുടെ പ്രവർത്തി ചെയ്തതായി ARTCO അറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 01 | MPM 91/13.09.2023 തീയ്യതി 13.09.2023 | 1244095 |
| 02 | MPM 90/13.09.2023 തീയ്യതി 13.09.2023 | 1094325 |
| | ആകെ | 2338420 |

പദ്ധതി പരിശോധനയിലെ നിരീക്ഷണങ്ങൾ താഴെ നല്കുന്നു.

1. വെൽനെസ്സ് സെന്ററിലെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനു വേണ്ടി ARTCO എസ്റ്റി
തയ്യാറാക്കി നഗരസഭയ്ക്ക് സമർപ്പിച്ചിട്ടില്ല.
2. ARTCOയുമായി നഗരസഭ എഗ്രിമെന്റ് വച്ചതായി ബന്ധപ്പെട്ട ഫയലിൽ ഇല്ല.
3. G.O(P) No. 77/2019/Fin Dated 04.07.2019 പ്രകാരം ARTCOവിന് ഇന്റീരിയൽ വർക്ക് ടെണ്ടർ കൂടാ
ചെയ്യാവുന്നതാണ്. എന്നാൽ ARTCO ചെയ്ത പ്രവൃത്തികൾ മുനിസിപ്പാലിറ്റിലെ മുനിസി
എഞ്ചിനീയർ/അസി. എഞ്ചിനീയർ ചെക്ക് മെഷർമെന്റ്/സൂപ്പവിഷൻ ചെയ്യേണ്ടതാണ്. ആ
നിർവ്വഹിച്ചതായി ഫയലിൽ കാണുന്നില്ല.
4. പ്രവൃത്തി പൂർത്തീകരിച്ചതായി ഫയലിൽ നിന്നും വ്യക്തമല്ല.
5. സുലേഖ പത്രിക പ്രകാരം 2345918 രൂപ ARTCO വിന് നല്കിയിട്ടുണ്ട്. എന്നാൽ 2338420 യുടെ പ്രവൃ
ചെയ്തതായാണ് മേൽ പട്ടികയിലെ ഇൻവോയ്സിൽ നിന്നും വ്യക്തമാകുന്നത്. പ്രവൃ
പൂർത്തീകരിച്ചുവെങ്കിൽ അധികം നല്കിയ 7498 രൂപ ARTCOവിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാ
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓ
എൻക്വയറി നം. 52 തിയ്യതി 30.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-59 KSWMP പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയ്ക്കായി 2023-24 സാമ്പത്തിക വർഷത്തിൽ കേരള ഖരമാല പരിപാലന പദ്ധതിയിൽ 17.6.2023 ലെ ജി.ഒ (ആർ.ടി.) നമ്പർ 4650/ 2023 ഫിൻ ഉത്തരവ് പ്രകാരം ത പറയുന്ന പ്രൊജക്റ്റുകൾക്ക് 19288131 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ സാമ്പത്തിക വർഷത്ത 8496 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക (39/31.1.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | ഫണ്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 1 | 346 | എം സി എഫ് - വെയിംഗ് മെഷിൻ വാങ്ങൽ | 32647 | 0 | 32647 |
| 2 | 347 | വിൻഡ്രോ യൂണിറ്റിനുള്ള ഫയർ ഫൈറ്റിംങ് സിസ്റ്റം | 14868 | 0 | 14868 |
| 3 | 348 | ആർ ആർ എഫ് നുവേണ്ടി ഫയർ ഫൈറ്റിംങ് സിസ്റ്റം | 350000 | 0 | 350000 |
| 4 | 349 | വിൻഡ്രോ യൂണിറ്റിനുള്ള സിസിടിവി സർവൈലൻസ് | 315000 | 0 | 315000 |
| 5 | 350 | ബയോഗ്യാസ് പ്ലാന്റിലേയ്ക്ക് സ്റ്റൌ സെറ്റ് | 4328 | 0 | 4328 |
| 6 | 352 | എം സി എഫ് ന് വേണ്ടി സിസിടിവി സർവൈലൻസ് | 315000 | 0 | 315000 |
| 7 | 353 | ആർ ആർ എഫ് - ഡിഡസ്റ്റർ യൂണിറ്റ് വാങ്ങൽ | 175370 | 0 | 175370 |

| | | | | | |
|---|---|---|---|---|---|
| 8 | 354 | ആർ ആർ എഫ് ന് വേണ്ടി കൺവെയർ ബെൽറ്റ് | 598219 | 0 | 598219 |
| 9 | 355 | ആർ ആർ എഫ് - ഷ്രെഡ്ഡർ യൂണിറ്റ് വാങ്ങൽ | 744800 | 0 | 744800 |
| 10 | 356 | ആർ ആർ എഫ് ന് വേണ്ടി ഷ്രെഡിംങ് മെഷീൻ | 418950 | 0 | 418950 |
| 11 | 357 | ആർ ആർ എഫ് ന് വേണ്ടി ഡസ്റ്റ് റിമൂവർ | 175370 | 0 | 175370 |
| 12 | 358 | ആർ ആർ എഫ് - വെയിംഗ് മെഷിൻ വാങ്ങൽ | 8658 | 8496 | 162 |
| 13 | 359 | വിൻഡ്രോ കംപോസ്റ്റിനു വേണ്ടിയുള്ള കൺവെയർ ബെൽറ്റ് | 598219 | 0 | 598219 |
| 14 | 360 | വിൻഡ്രോ യൂണിറ്റിനുള്ള ബയോ ഷ്രഡർ | 443100 | 0 | 443100 |
| 15 | 361 | സാനിറ്റേഷൻ വർക്കർമാർക്കും ഹരിതകർമ്മസേനക്കാർക്കും പേഴ്സണൽ പ്രൊട്ടക്ഷൻ നൽകാനുള്ള സംവിധാനം | 232602 | 0 | 232602 |
| 16 | 362 | ആർ ആർ എഫ്- ബെയിലിംഗ് യൂനിറ്റ് വാങ്ങൽ | 931000 | 0 | 931000 |
| 17 | 363 | എം സി എഫ് -സംഭരണത്തിനും | 4480000 | 0 | 4480000 |

| | | | | | |
|---|---|---|---|---|---|
| | | സോർട്ടിംഗിനുമുള്ള ഏരിയ 1000 $M^2$ | | | |
| 18 | 752 | മാലിന്യ കൂമ്പാരം ഉണ്ടാകാൻ സാദ്ധ്യതയുള്ള ഇടങ്ങളിൽ സി സി ടി വി ഇൻസ്റ്റലേഷൻ | 700000 | 0 | 700000 |
| 19 | 754 | ടിപ്പർ വാൻ വാങ്ങൽ | 1750000 | 0 | 1750000 |
| 20 | 755 | ജെ സി ബി വാങ്ങൽ | 1050000 | 0 | 1050000 |
| 21 | 756 | 3 ഇലക്ട്രിക് ഓട്ടോ വാങ്ങുക | 1050000 | 0 | 1050000 |
| 22 | 757 | എങ്കക്കാട് - പുതിയ എം സി എഫ് | 3500000 | 0 | 3500000 |
| 23 | 758 | ഡീ വാട്ടേർഡ് കമ്പോസ്റ്റ് സിസ്റ്റത്തിൽ പുതിയ കമ്പോസ്റ്റ് പാക്കിങ്ങ് യൂണിറ്റ് | 1400000 | 0 | 1400000 |
| | | | 19288131 | 8496 | 19279635 |

മേൽ പ്രൊജക്റ്റുകൾക്കുള്ള ഫണ്ട് ലാപ്സാവാതെ പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-60 മരാമത്ത് ഗുണനിലവാരം ഉറപ്പു വരുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് (എൽ.എസ്.ജി എൻജിനിയറിംഗ് വിഭാഗം നടപ്പിലാക്കുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ ഉൾപ്പടെ) 11.7 ലെനം.ഡി.ബി/6185/21/സി.ഇ/എൽ.ഐ.ഡി & ഇ നമ്പറായി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രക ഒരു രജിസ്റ്റർ സൂക്ഷിച്ച് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തേണ്ടതാണ്. ഓ എൻക്വയറി നം.42/29.01.25 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമ പ്രവൃത്തികളുടെ ഗുണനിലവാര രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 1-61 ആറ്റാംപാറ്റ റോഡ്- കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. 286254 രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് നം.72/24
തനത് ഫണ്ട് –
അടങ്കൽ – 300000 രൂപ
ചെലവ് – 286254 രൂപ
വൗച്ചർ നമ്പർ/തീയ്യതി – 22301678/18.03.2024

എഗ്രിമെന്റ് നമ്പർ/തീയ്യതി - 97/AE/LID/EW/WKY DTD. 18.10.23

കരാറുകാരൻ - വിനീഷ് ഇ. വി, എരുവപ്പറ്റ

മേൽപ്പറഞ്ഞ പദ്ധതിക്ക് ടെൻഡർ ക്ഷണിച്ചതിന്റെയും നടപടികൾ പൂർത്തീകരിച്ച് പ്രവൃ അവാർഡ് ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ടിൽ നിന്ന് 286254 കരാറുകാരന് നൽകിയതിന്റെ വിശദവിവരവും ലഭ്യമല്ല. പദ്ധതി പൂർത്തീകരിച്ചതിന കംപ്ളീഷൻ റിപ്പോർട്ട് (കെ.പി.ഡബ്ല്യു.ഡി മാനുവൽ ഫോർമാറ്റ് പ്രകാരമുള്ളത്-2100G), മോണിറ്ററ കമ്മിറ്റി അംഗങ്ങൾ സാക്ഷ്യപ്പെടുത്തിയ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുവാൻ ഓ എൻക്വയറി നം.49/30.01.25 നൽകിയെങ്കിലും ആയതിനും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു 286254 രൂപ തടസ്സപ്പെടുത്തുന്നു.

## 1-62 ഭരണസമിതി യോഗമിനിറ്റ്സ് - സകർമ്മ സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിന ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സകർമ്മ ഓൺലൈൻ ആപ്ലിക്കേഷൻ സോഫ്റ്റ്വെ കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും വിന്യസിക്കുന്നതിന് സ.ഉ (സാ 3630/2015/തസ്വഭവ തീയതി 3.12.2015 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ വടക്കാ മുനിസിപ്പാലിറ്റിയിൽ ഇതുവരെ ഭരണസമിതിയോഗ മിനിറ്റ്സ് തയ്യാറാക്കുന്ന സക സോഫ്റ്റ്വെയർ നടപ്പിൽ വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയ

(48/30.01.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്ര
ക്ഷണിക്കുന്നു.

## 1-63 വാർഡ് സഭ - നിയമാനുസൃതമായി പ്രവർത്തിക്കുന്നില്ല

1994 കേരള മുനിസിപ്പാലിറ്റി ആക്ട്, നിയമം 42എ മുതൽ 47 വരെ, 2015 ലെ കേരള മുനിസിപ്പാ
വാർഡ് സഭ രൂപീകരണവും യോഗ നടപടിക്രമങ്ങളും ചട്ടങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ
04-2022 തീയതിയിലെ ഉത്തരവ് – സ.ഉ.(കൈ) നം.86/2022/തസ്വഭവ/തിരുവനന്തപുരം വാർഷ
പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ എന്നിവയിൽ മുനിസിപ്പാലിറ്റിയിലെ വാ
സഭകളുടെ പ്രവർത്തനങ്ങൾ വിശദമാക്കിയിട്ടുണ്ട്. ഇതിൽ പ്രകാരം വടക്കാ
മുനിസിപ്പാലിറ്റിയിലെ വാർഡ് സഭകളുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ കണ്ടെത്ത
അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1. ക്വാറം ഇല്ലാതെ വാർഡ് സഭായോഗങ്ങൾ ചേരുന്നു.**

2015 ലെ കേരള മുനിസിപ്പാലിറ്റി വാർഡ് സഭ രൂപീകരണവും യോഗ നടപടിക്രമങ്ങളും ചട്ടങ്ങൾ, .
5 പ്രകാരം വാർഡ് സഭയുടെ ക്വാറം അതിന്റെ അംഗസംഖ്യയുടെ 10% ആയിരിക്കുന്നതാണ്. യോ
ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയം കഴിഞ്ഞു 30 മിനിറ്റിനുള്ളിൽ ക്വ
തികയുന്നില്ലെങ്കിൽ അധ്യക്ഷൻ യോഗം മറ്റൊരു ദിവസത്തേക്ക് മാറ്റി വെയ്ക്കേണ്ട
ആയതിനുള്ള നോട്ടീസ് ചട്ടം 4- ൽ പറഞ്ഞിട്ടുള്ള പ്രകാരം അംഗങ്ങൾക്ക് നൽകുക
പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതാണ്. വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ വാർഡ് സഭകളു
മിനിറ്റ്സ് പരിശോധിച്ചതിൽ ക്വാറം തികയാതെയാണ് യോഗങ്ങൾ ചേർന്നിട്ടുള്ളത് എന്ന് കാണു
വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് സഭാ നമ്പർ | ക്വാറം (ആകെ വോട്ടർമാരുടെ എണ്ണത്തിന്റെ 10 ശതമാനം) | യോഗ തീയ്യതി/വാർഡ് സഭയിൽ ഹാജരായവർ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഡിവിഷൻ - 15 | 132 | 16.12.23 – 99<br>06.07.23 - 106 |
| 2 | ഡിവിഷൻ - 26 | 139 | 08.07.23- 100<br>16.12.23- 105 |
| 3 | ഡിവിഷൻ - 22 | 127 | 09.07.23- 99<br>10.12.23- 98 |
| 4 | ഡിവിഷൻ - 16 | 155 | 14.12.23- 111 |
| 5 | ഡിവിഷൻ - 18 | 141 | 03.07.23- 98<br>16.12.23- 103 |
| 6 | ഡിവിഷൻ - 41 | 107 | 10.12.23-60<br>30.07.23-67 |
| 7 | ഡിവിഷൻ - 33 | 147 | 08.07.23- 66<br>16.12.23- 97 |

## 2. വാർഡ് സഭകൾ യോഗങ്ങൾ ചേരുന്നത് സംബന്ധിച്ച്

2015 ലെ കേരള മുനിസിപ്പാലിറ്റി വാർഡ് സഭ രൂപീകരണവും യോഗ നടപടിക്രമങ്ങളും ചട്ടങ്ങൾ . 4 പ്രകാരം ഏതൊരു വാർഡ് സഭയുടെയും യോഗം അതിന്റെ കൺവ മൂന്നുമാസത്തിലൊരിക്കലും, ഇടയ്ക്കുള്ള കാലയളവിൽ രാവിലെ 9 മണിക്കും വൈ ആറുമണിക്കും മധ്യേയുള്ള സമയത്ത് ആവശ്യാനുസരണവും വിളിച്ചു കൂട്ടേണ്ടതും യോഗത്തി സ്ഥലവും തിയതിയും സമയവും അറിയിച്ചു കൊണ്ടുള്ള നോട്ടീസ് യോഗത്തിലേക്ക് ദിവസമെങ്കിലും മുൻപായി മുനിസിപ്പാലിറ്റിയുടെ നോട്ടീസ് ബോർഡിലും, വെബ്സൈറ്റ് വാർഡിന്റെ വിവിധ ഭാഗങ്ങളിൽ അഞ്ചിൽ കുറയാത്ത സ്ഥലങ്ങളിലും പത്രക്കുറിപ്പ് മു പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ വാർഡ് സഭകളുടെ യോഗ 2023-24 വർഷത്തിൽ ജൂലായ്, ഡിസംബർ എന്നീ മാസങ്ങളിൽ വർഷത്തിൽ രണ്ട് പ്രാവശ്യമ കൂടിയിരിക്കുന്നത്.

**3. യോഗ മിനിറ്റ്സ് ചട്ട പ്രകാരം സൂക്ഷിക്കുന്നില്ല.**

സ.ഉ.(കൈ) നം.86/2022/15 തീയതി, തിരുവനന്തപുരം, 19-04-2022 മാർഗ്ഗരേഖ ഖണ്ഡിക 3.2 പ്രകാ വാർഡ് സഭായോഗത്തിന്റെ തീരുമാനങ്ങൾ അപ്പോൾ തന്നെ എഴുതി തയ്യാറാക്കി വാർഡ് സ അദ്ധ്യക്ഷൻ, കൺവീനർ, ഉദ്യോഗസ്ഥർ, വാർഡ് സഭാ യോഗത്തിൽ പങ്കെടുത്ത 15 പേർ എന്നിവര ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏൽപ്പിക്കേണ്ട ചുമതല വാർഡ് സഭാ കോ-ഓർഡിനേറ്ററുടേതാ വാർഡ് സഭാ യോഗത്തിലെ ഹാജർ രജിസ്റ്റർ, ഗ്രൂപ്പ് ചർച്ചകളിലെ നിർദ്ദേശങ്ങൾ, ലഭിച്ച ചോദ്യങ മിനിട്സ് / തീരുമാനങ്ങൾ എന്നിവ യോഗം നടന്നതിന്റെ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ഓ ഓർഡിനേറ്റർ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്. വടക്കഞ്ചേരി മുനിസിപ്പാലിറ്റിയിൽ വാ സഭകളുടെ യോഗ മിനിട്സ് മേൽ നിർദ്ദേശിച്ച രീതിയിൽ തയ്യാറാക്കുന്നില്ല. മിനിറ്റ്സിൽ അദ്ധ്യക ഒപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല. (ഉദാ- ഡിവിഷൻ -7, 26, 28 )

**4. വികസന പദ്ധതികൾ തയ്യാറാക്കി കൗൺസിലിന് സമർപ്പിക്കുന്നില്ല.**

2015 ലെ കേരള മുനിസിപ്പാലിറ്റി വാർഡ് സഭ രൂപീകരണവും യോഗ നടപടിക്രമങ്ങളും ചട്ടങ്ങൾ . 10 പ്രകാരം 1994 കേരള മുനിസിപ്പാലിറ്റി ആക്ട്, 51 - വകുപ്പിന്റെ ഒന്നാം ഉപവകുപ്പ് പ്രകാരം ഓ വാർഡ് സഭയും ഓരോ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മൂന്നുമാസം മുമ്പുള്ള അതിന ഒരു യോഗത്തിൽ വച്ച് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വികസന പദ്ധതികൾ ഓ ഇനത്തിലും പ്രതീക്ഷിക്കുന്ന ചെലവിന്റെ എസ്റ്റിമേറ്റ് സഹിതം മുൻഗണനാ ക്രമത്തിൽ നിശ്ച ഫാറത്തിൽ തയ്യാറാക്കേണ്ടതും ചെയർപേഴ്സൺ മുഖേന കൗൺസിലിന് സമർപ്പിക്കേണ്ടതുമാ എന്നാൽ മിനിറ്റ്സ് പരിശോധിച്ചതിൽ വാർഡ് സഭകൾ വികസന പദ്ധതികൾ തയ്യാറാക്കിയതാ അവ കൗൺസിലിന് സമർപ്പിച്ചതായോ കാണുന്നില്ല.

**5. ആനുകാലിക റിപ്പോർട്ടുകൾ തയ്യാറാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.**

1994 കേരള മുനിസിപ്പാലിറ്റി ആക്ട്, 45 വകുപ്പിൽ പറഞ്ഞിട്ടുള്ള സംഗതികളെ സംബന്ധിച്ച് ഓ വാർഡ് സഭയും ചെയർപേഴ്സൺ മുഖേന കൗൺസിലിന് മൂന്ന് മാസത്തിലൊരിക്കൽ റിപ്പോ നൽകേണ്ടതാണ്. എന്നാൽ ചട്ടപ്രകാരമുള്ള ആനുകാലിക റിപ്പോർട്ടുകൾ തയ്യാറാക്കിയതിന വിവരങ്ങൾ ലഭ്യമാക്കിയില്ല.

**6. വാർഡ് സഭകളുടെ മിനിറ്റ്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.**

ഡിവിഷൻ – 18 വാർഡ് സഭയുടെ മിനിറ്റ്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (48/30.01.25) മറുപടി ലഭ്യമാക്കിയില്ല. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-64 വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

സ.ഉ.(കൈ) നം.86/2022/തസ്വഭവ തീയതി, തിരുവനന്തപുരം, 19-04-2022 പതിനാലാം പഞ്ചവ
പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 3.1.2
മുനിസിപ്പാലിറ്റിയിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടന, ചുമതലകൾ എന്നിവയെക്കു
പ്രതിപാദിക്കുന്നു. ഇതിൻ പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പദ്ധതി ആസൂത്രണപ്ര
ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1-ന് മുൻപ് നിലവിലുള്ള വർക്ക
ഗ്രൂപ്പുകൾ, ആവശ്യമെങ്കിൽ, പുനഃസംഘടിപ്പിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ ക്വോറം ആ
അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൺവീനറുടെ ഹ
നിർബന്ധവുമാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ചുചേർക്കൽ, മിനിട്ട്സ് രേഖപ്പെടുത്തൽ, മി
ബുക്ക് സൂക്ഷിക്കൽ, ചുമതല ഒഴിയുമ്പോൾ ബന്ധപ്പെട്ട രേഖകൾ കൃത്യമായി കൈമാ
തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലകളാണ്. ഇതിൻ പ്രകാരം വടക്കേ
മുനിസിപ്പാലിറ്റിയുടെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി വർക്ക
ഗ്രൂപ്പുകളുടെ മിനിട്ട്സ് പരിശോധിച്ചതിൽ കണ്ടെത്തിയവ ചുവടെ ചേർക്കുന്നു.

**1. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.**

സ.ഉ.(കൈ) നം.86/2022/തസ്വഭവ തിരുവനന്തപുരം, 19-04-2022 പതിനാലാം പഞ്ചവത്സര പദ്ധതിയ
വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 14 പ്രകാരം വാർഷിക പദ
ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികള
പ്രവർത്തിച്ച് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ മോണിറ്ററിംഗ് നിർവഹിക്കേണ്ടത
വർക്കിംഗ് ഗ്രൂപ്പിന്റെ എല്ലാ അംഗങ്ങളും അടങ്ങിയ സമിതിയോ അല്ലെങ്കിൽ വർക്കിംഗ് ഗ്രൂപ്പിന
ചെയർപേഴ്സൺ, വർക്കിംഗ് ഗ്രൂപ്പിന്റെ വൈസ് ചെയർപേഴ്സൺ, നിർവ്വഹണ ഉദ്യോഗസ്ഥയല്ലാ
ഉദ്യോഗസ്ഥനല്ലാത്ത മറ്റൊരു ഉദ്യോഗസ്ഥൻ, എന്നിവർ ഉൾപ്പെടുന്ന മൂന്നിൽ കുറയാത്ത അംഗ

ഉള്ള വർക്കിംഗ് ഗ്രൂപ്പിന്റെ ഉപസമിതിയോ മോണിട്ടറിംഗ് കമ്മിറ്റികളായി തദ്ദേശഭ സ്ഥാപനങ്ങൾക്ക് രൂപീകരിക്കാവുന്നതാണ്. മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറ റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടത മോണിട്ടറിംഗ് കമ്മിറ്റി, പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്ത ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരിക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടി പ്രാരംഭഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടി ഗുണമേന്മയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിട്ടറിംഗ് കമ്മി അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് (ന്) നൽകാവുന്നതാണ്. എന്ന മിനിട്സ്, പ്രോജക്ടുകൾ എന്നിവ പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികള പ്രവർത്തിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല.

**2. വാർഡ് സഭയിൽ അവതരിപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ നൽകുന സംബന്ധിച്ച്**

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ ഖണ്ഡിക 3.1.2 (B) പ്രകാരം ഒരു സാമ്പത്തികവർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4 ൽ തയ്യാറാക്കി ഏറ്റവുമാദ്യം നടക്ക വാർഡ് സഭ യോഗത്തിൽത്തന്നെ അവതരിപ്പിക്കേണ്ടതാണ്. വാർഡ് സഭയിൽ അച്ച നൽകുന്നതിനാവശ്യമായ വിവരങ്ങളും (ഫോറം 4, 5, 6)

പദ്ധതിരേഖയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങളും എഴുതി തയ്യാറാക്കുന്നത് വർക്ക ഗ്രൂപ്പുകളുടെ ചുമതലയിൽപ്പെടുന്നതാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മേൽ കണക്കു തയ്യാറാക്കി നൽകിയതായി കാണുന്നില്ല.

**3. പ്രോജക്ട് തയ്യാറാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് നിർദേശങ്ങൾ നൽകുന സംബന്ധിച്ച്**

സർക്കാർ നൽകിയിട്ടുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങളും ജില്ലാ ആസൂത്രണ സമിതി നൽകിയിട്ട നിർദ്ദേശങ്ങളും പരിഗണിച്ച് അവസ്ഥാരേഖയെ അടിസ്ഥാനമാക്കി പ്രോജക്ടു

രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾം ആവശ്യമെങ്കിൽ മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, വാർഡ് സഭായോഗത്തിൽ ചർച്ച നൽകേണ്ട പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികളെ സഹായിക എന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽപ്പെടുന്നതാണ്. എന്നാൽ മിനിട്ട്സ് പരിശോധിച്ചത ഇത്തരം നിർദേശങ്ങൾ ഒന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയത രേഖപ്പെടുത്തിയിട്ടില്ല.

**4. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരുന്നത് സംബന്ധിച്ച്**

കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി വാർഡ് സഭാ യോഗങ്ങളിൽ അവതരിപ്പിക്കുക, വേദികളിലെ ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങ മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റ പരിഗണനയ്ക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്ക ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ. അവ ഫലപ്രദമായി നിറവേറ്റണമെങ്ക വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ തയ്യാറാക്കേണ്ടത, അതിനാൽ ഈ രണ്ടു ദൗത്യങ്ങളും നിർവഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകള യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്. എന്നാൽ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് പരിശോധിച്ചതിൽ 2023-24 വർഷം 25.11.2023 തീയ്യതിയിൽ പ്രാവശ്യം മാത്രമാണ് ചേർന്നിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറ (നം.51എ/30.01.25) മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്ര ക്ഷണിക്കുന്നു.

## <u>1-65 കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയതിന് വിവരങ്ങൾ ലഭ്യമാക്കിയില്ല</u>

19-04-22 ലെ സ. ഉ. 86/2022/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധ മാർഗരേഖ 7.3 പ്രകാരം കാലാവസ്ഥാവ്യതിയാനം മൂലം കേരളത്തിൽ അടിക്കടിയുണ്ടാക വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിയ്ക്കുന്നതിനും ഓരോ തദ്ദ

സ്ഥാപനവും കാലാവസ്ഥ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിക്കുന്നതിനാവശ്യ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് (7.3.1). ഇതിനായി ഭൂപ്രകൃതി, ജന പ്രകൃ സാമ്പത്തികവ്യവസ്ഥ എന്നിവ സംബന്ധിച്ച് പൊതു വിവരങ്ങളും കഴിഞ്ഞ ദശാബ്ദത്തിൽ പ്രദേശ അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനവും തന്മൂലം മനുഷ്യരുടെ ജീവിതത്തി ജീവനോപാധികളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളും, ഉല്പാദന മേഖലകളിലും ആരോഗ്യ സേ മേഖലകളിലും ഉണ്ടായ മാറ്റങ്ങളും, പ്രകൃതി വിഭവങ്ങൾ, ജൈവ വൈവിധ്യങ്ങൾ എന്നിവക്കുണ്ട മാറ്റങ്ങളും നിരീക്ഷിക്കേണ്ടതുണ്ട് (7.3.2). ജല സംരക്ഷണം, ഹരിത ഗൃഹ വാതകങ്ങള ബഹിർഗമനം കുറയ്ക്കാൻ, കാർബൺ ബഹിർഗമനം കുറയ്ക്കാൻ, ദുരന്ത ലഘൂകരണം, സൂചിപ്പിച്ചവ സംബന്ധിച്ച അവബോധം നൽകൽ, മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവ പ്രാദേശ കർമ്മ പദ്ധതിയുടെ ഭാഗമാക്കണം (7.3.3) പദ്ധതി സംബന്ധിച്ച പരിശീലനം കില നൽകുന്നത മേൽ നിർദേശ പ്രകാരം പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയതു സംബന്ധിച്ച് വിശദ വിവര ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.49/30.01.25) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രാദേശ കർമ്മ പദ്ധതി തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-66 സദ്ഭരണ പദ്ധതി - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

19-4-22 ലെ സ. ഉ (കൈ) നം. 86/2022/ത സ്വ ഭ വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാ പഞ്ചവത്സര പദ്ധതിയിലെ മാർഗരേഖ 6.9 പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഓ സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനം ഇടപെട അടിയന്തര പ്രശ്നങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള സംവിധാനം ഓരോ വാർഡി പൊതുജനങ്ങൾക്ക് വേണ്ടി ഉണ്ടാക്കുകയും പരാതി പരിഹാര സംവിധാനം ആവിഷ്കരിക്കുക വേണം (6.9.1). പൊതു ജനങ്ങളുടെ പരാതികളും തർക്കങ്ങളും പരിഹരിക്കുന്നതിനായി മാസത്ത് ആദ്യ ബുധനാഴ്ച ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന അദാലത്ത് നട പരിഹാരം കാണേണ്ടതാണ് (6.9,2). സുതാര്യത, ജനപങ്കാളിത്തം എന്നീ തത്വങ്ങൾ ഉൾക്കൊണ്ടുകൊ സമ്പൂർണ്ണ ഗുണമേന്മ പരിപാലന സംവിധാനം (TOTAL QUALITY MANAGEMENT) കാലികമ പരിഷ്കരിക്കേണ്ടതാണ്. നഗരസഭകൾ ഐ.എസ്.ഒ 9001-2005 നിലവാരം നേടിയെടുക്കുന്ന ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. ഐ.എസ്.ഒ 9001-

സർട്ടിഫിക്കേഷന് ആവശ്യമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയ ഉൾപ്പെടുത്താവുന്നതാണ്(6.9.3). സദ്ഭരണ തത്വങ്ങൾക്ക് പുറമെ പൗരാവകാശ രേഖ, അറിയുവാന അവകാശം, വാതിൽപ്പടി സേവനം എന്നിവ കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം സദ്ഭ പദ്ധതി തയ്യാറാക്കേണ്ടത് (6.9.6, 6.9.7) എന്ന് മാർഗരേഖ നിർദ്ദേശിക്കുന്നു. സദ്ഭരണ പദ്ധ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ, ഐ.എസ്.ഒ സർട്ടിഫിക്കറ്റ് നേടുന്നതായി സ്വീക നടപടികൾ എന്നിവയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് . ഓഡിറ്റ് എൻക്വയറി (51/30.01.25)

## 1-67 മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം

1999ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 326 മുതൽ 345 വരെ, മാലിന്യ സംസ്ക പ്രവർത്തനങ്ങളിൽ നഗരസഭയുടെ ചുമതലകൾ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. നില ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംരംഭമാണ് ഹരിത കർമ്മസേ സ.ഉ(ആർ.ടി)നം.1496/2020/തസ്വഭവ, തീയ്യതി 12.08.2020 പ്രകാരം ഹരിത കർമ്മസേനയ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാല സംസ്ക്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്ത വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/തസ്വഭവ, തീയ്യതി 16.04.2021, സ.ഉ (ആർ.ടി) 949/ തസ്വഭവ, തീയ്യതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യങ്ങളുടെ ഉൽപ്പാ കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങള മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ആയതിലേക്ക പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ല കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടു ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്ര വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവ ആയിരിക്കണം ഓ പ്രദേശത്തേയും മാലിന്യ വിമുക്തമാക്കുന്നതിനായി ശുചിത്വ മാലിന്യ സംസ്ക പ്രവർത്തനങ്ങളുടെ സമീപനം.

അടിസ്ഥാന വിവരങ്ങൾ

തൃശ്ശൂർ ജില്ലയിൽ ഉൾപ്പെട്ട വടക്കാഞ്ചേരി നഗരസഭയുടെ വിസ്തീർണ്ണം 51.56 ചതുരശ്ര കിലോമ ആണ്. 2011 ലെ സെൻസസ് പ്രകാരം 61341 ജനസംഖ്യയുള്ള നഗരസഭയിൽ ആകെ 41 വാർഡുകള ഉള്ളത്. ആകെ ആൾതാമസമുള്ള വീടുകൾ 18761 എണ്ണമാണ്. 2773 സ്ഥാപനങ്ങളും ഇവ നിലവിലുണ്ട്. ഇവിടങ്ങളിൽ നിന്നും ഹരിതകർമ്മസേന അജൈവ മാലിന്യം ശേഖരിക്കുന്നുണ്ട്. ലാണ് ഇവിടെ ഹരിതകർമ്മസേന രൂപീകരിച്ചത്. 41 വാർഡുകളിലായി ആകെ 69 അംഗങ്ങള നിലവിൽ നഗരസഭയിലെ ഹരിത കർമ്മസേനയിലുള്ളത്

1. മാലിന്യ ശേഖരണ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണ കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. താഴെ ചേർക്കും വിധം മാലിന്യശേഖരണ കല തയ്യാറാക്കിയിട്ടുണ്ട്.

| ഇനം | ശേഖരിക്കുന്ന മാസം |
|---|---|
| പഴയ ചെരുപ്പ്, ബാഗ്, | ഏപ്രിൽ, നവംബർ |
| കണ്ണാടി, കുപ്പി, ഗ്ലാസ്സ്, ചില്ല് | ജനുവരി, ആഗസ്റ്റ് |
| ഇലക്ട്രോണിക് സാധനങ്ങൾ | ജൂൺ, ഡിസംബർ |
| പ്ലാസ്റ്റിക്, പേപ്പർ | മാർച്ച്, മെയ്, ഒക്ടോബർ |
| തുണി | ഫെബ്രുവരി, സെപ്റ്റംബർ |

തയ്യാറാക്കിയ കലണ്ടർ പ്രകാരം ഏറെക്കുറെ മാലിന്യ ശേഖരണം നടന്നുവരുന്നുണ്ട്. മാല ശേഖരണം സംബന്ധിച്ച് ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നതിന് നോട്ടീസ് വിതര ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്.

മാലിന്യ വേർതിരിവ് പാലിക്കൽ

ഉറവിട മാലിന്യ സംസ്കരണത്തിന് സ്ഥലപരിമിതിയുള്ള വ്യാപാരസ്ഥാപനങ്ങൾ, ഹോട്ടലു ആശുപത്രികൾ എന്നിവിടങ്ങളിലെ ജൈവമാലിന്യം പൊതു ഇടങ്ങളിൽ വലിച്ചെറിയപ്പെട ശരിയായ രീതിയിൽ സംസ്കരിക്കുന്നതിനു വേണ്ടി നഗരസഭയുടെ കുമ്പളങ്ങാട് ഉള്ള മാല സംസ്കരണ കേന്ദ്രത്തിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. ഡിവാട്ടേർഡ് കമ്പോസ്റ്റിംഗ് സിസ്റ്റം. പ്രതിദി ടൺ വരെ ജൈവമാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള Dewatered Composting System- മാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. കുറഞ്ഞ സ്ഥലപരിമിതിയിൽ കൂടുതൽ മാലിന്യം സുരക്ഷിതമ സംസ്കരിക്കാൻ കഴിയുന്നു എന്നുള്ളത് ഈ പ്ലാന്റിന്റെ സവിശേഷതയാണ്. ഉറവിടത്ത സെഗ്രിഗേഷൻ ചെയ്യപ്പെട്ട ജൈവമാലിന്യം ഹരിത കർമ്മസേന വഴി ശേഖരിക്കുക ജൈവമാലിന്യം പ്ലാന്റിൽ എത്തിയാൽ പ്രോസസിംഗ് ഏരിയയിൽ വച്ച് പ്രൈമറി സെഗ്രിഗേ നടത്തുകയും അവിടെ നിന്ന് കൺവേറിലൂടെ കടന്നു പോകുന്ന ജൈവമാലിന്യത്തിൽ ന സെക്കൻഡറി സെഗ്രിഗേഷൻ വഴി റബ്ബർ ബാൻഡ്, ചെറിയ പ്ലാസ്റ്റിക് ചരടുകൾ, പ്ലാസ്റ്റിക് കവറു എന്നിവ മാറ്റുകയും ജൈവമാലിന്യം കൺവേറിലൂടെ കടന്നുപോയി Shredding ലൂടെ ചെ കഷണങ്ങളാക്കുകയും തുടർന്ന് Squeezing നു വിധേയമാക്കുന്നതിലൂടെ 40% ജലാം മാറ്റപ്പെടുന്നതുകൊണ്ട് കമ്പോസ്റ്റിംഗ് പ്രക്രിയ വളരെ എളുപ്പമാവുകയും ചെയ്യുന്നു. ഇതിനുശേ കൺവേയറിലൂടെ തന്നെ ബ്ലെൻഡിങ് മെഷീനിലേക്ക് മാലിന്യം എത്തുകയും അത് അവിടെ ജൈവ ബാക്ടീരിയയുമായി മിക്സ് ചെയ്തു ട്രേകളിലെത്തുകയും ചെയ്യുന്നു. (1 ടൺ ജൈവമാലിന്യത്ത 3kg ജൈവ ബാക്ടീരിയും, 3kg Maggot Control-മാണ് ആവശ്യമായിട്ടുള്ളത്.) ഇത് ഫോർക്ക് ലിഫ്റ്റ് പ്രത്യേകം മാർക്ക് ചെയ്ത റാക്കുകളിലേക്ക് മാറ്റപ്പെടുന്നു. 15-20 ദിവസത്തിനുള്ളിൽ ഇവ വളമായി മാറുകയും, ആയത് പിന്നീട് Pulveriser-ൽ പൊടിച്ചു പാക്കെയ്തു വിൽപ്പനക്ക് തയ്യാറാക്കു ഡിവോട്ടറിങ് വഴി ജൈവമാലിന്യത്തിൽ നിന്ന് പുറത്തുവരുന്ന ജലാംശം പ്രതിദിനം 200 Litre വ സംസ്കരിക്കാൻ ശേഷിയുള്ള രണ്ട് ബയോഗ്യാസ് പ്ലാന്റുകളിലേക്ക് ഒഴുക്കി വിടുന്നു. ഇതിൽ ന ഉത്പാദിപ്പിക്കപ്പെടുന്ന ബയോഗ്യാസ്, പ്ലാന്റിലെ തൊഴിലാളികളുടെ അടുക്കളയിലെ ആവശ്യത്ത ഉപയോഗിക്കാൻ സാധിക്കുന്നതാണ്. ഇതിൽ നിന്നുണ്ടാകുന്ന സ്ലറി ഉപയോഗിച്ച് പച്ചക്കറി കൃഷി

വിഭാവനം ചെയ്തുവരുന്നു.









<u>റീസൈക്ലിംഗ്</u>

പാതയോരങ്ങളിലും പൊതുഇടങ്ങളിലും ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. ലഭിക്കുന്ന മി ലെഗസി വേസ്റ്റുകളിൽ നിന്നും റീസൈക്കിൾ ചെയ്യാവുന്ന മാലിന്യങ്ങൾ വേർതിരിക്കുന്നുണ്ട്. സ ഷോപ്പുകൾ പോലുള്ള മറ്റ് സംവിധാനങ്ങളും നിലവിൽ ഉണ്ട്.

<u>കമ്മ്യൂണിറ്റി എൻഗേജ്മെന്റ്</u>

